12
Sep. 2009
Vol. 2
Issue : 17

# ബിലീവേഴ്സ് ജേണൽ




RNI. No.KERMAL/2008/26530 POSTAL Reg.No. KL/TLA 225/2009-11 Annual Subcription Rs. 100/- Pages: 12

## എഡിറ്റോറിയൽ

## കാനം അച്ചന് ഊരുവിലക്കോ?



കേരളാ പെന്തക്കോസ്ത് സമൂഹത്തിന് വചനത്തിന്റെ പൊരുൾ തിരിക്കുന്ന ആധികാരിക സേവനത്തിൽ പതിറ്റാണ്ടുകൾ പിന്നിടുന്ന ആദരണിയനായ കാനം അച്ചൻ എന്ന സുവിശേഷകൻ പി.ഐ. എബ്രഹാം എന്ന ദൈവദാസനെതിരെ കഴമ്പില്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് അദ്ദേഹത്തെ തേജോവധം ചെയ്യാൻ ചില കുണ്ടുകുളത്തിൽ തവളകൾ രംഗത്തെത്തിയത് അങ്ങേയറ്റം അപലപനീയം.

ജീവിത വിശുദ്ധി, ഉപദേശത്തിന്റെ കൃത്യത, പാണ്ഡിത്യബോധം, നിലപാടുകളുടെ ഉറപ്പ്, ആത്മാർത്ഥത ഇവ സമന്വയിക്കുന്ന ഈ സൗമ്യഭാവൻ സംഘടനകൾക്ക് അതീതമായി എല്ലാ പ്രസ്ഥാനങ്ങൾക്കും സ്വീകാര്യനാണ്. അദ്ദേഹത്തിന്റെ ഈ ആത്മാർത്ഥതയ്ക്കുള്ള അംഗീകാരമായി വേണം ഇന്ന് കേരളക്കരയിൽ ഏറ്റവും അധികം വായനക്കാരുള്ള കോളമിസ്റ്റ്, അപ്പോളജിസ്റ്റ്, സരസഗംഭീരനായ പ്രസംഗകൻ തുടങ്ങിയ നിലകളിൽ അദ്ദേഹം ആദരിക്കപ്പെടുന്നതിനെ വിലയിരുത്തേണ്ടത് .സമൂഹത്തിലെ പുഴുക്കുത്തുകളെ വിമർശിക്കുന്നതിൽ അദ്ദേഹത്തിന്റെ നാവും തൂലികയും എന്നും സജീവമായിരുന്നു. താൻ പുറപ്പെട്ട് പോന്ന സാമുദായിക മണ്ഡലത്തിൽ പോലും നല്ല സാക്ഷ്യം കൈകൊണ്ട മാന്യനും പക്വമതിയുമായ കാനം അച്ചനെതിരെ ചില മാധ്യമങ്ങൾ ഉയർത്തുന്ന ആരോപണം വിവരക്കേടിന്റെ എല്ലാ പരിധികളേയും ഭേദിക്കുകയും ആരാജകത്വത്തിന്റെ മുഖമുദ്രകളായി ഭവിക്കുകയും ചെയ്യുന്നു.

അച്ചൻ സ്വന്തം ചിലവിൽ ഒരു ട്രാക്റ്റുപോലും പ്രിന്റ് ചെയ്തിട്ടില്ലെന്നും സ്വയമേ ഉത്തരവാദിത്വമെടുത്ത് ഒരു പ്രസ്ഥാനത്തിന്റെയും നേതൃത്വത്തിൽ എത്തിയിട്ടുമില്ലെന്ന ബാലിശമായ ആരോപണം ഉന്നയിക്കാൻ സാമാന്യ ബുദ്ധിയുള്ളവർക്കാവില്ല. സ്വന്തമായി സംഘടനയുണ്ടാക്കി ചോദ്യം ചെയ്യാൻ കെൽപില്ലാത്ത മിണ്ടാപ്രാണികളെ എക്സിക്യൂട്ടീവിലിരുത്തി "യേസ് സാർ" കമ്മറ്റികളുണ്ടാക്കി അതിന്റെ പ്രസിഡന്റായിരുന്ന അതേ പ്രസ്ഥാനത്തിന്റെ അവാർഡും തരപ്പെടുത്തി സ്പോൺസർമാരുടെ പാദസേവചെയ്യുന്ന വിനീതവിധേയന്മാരുടെ പത്രപ്രവർത്തനം അതിന്റെ അസാൻമാർഗ്ഗികമുഖം കൂടി നമുക്ക് മുമ്പിൽ വ്യക്തമാകുകയാണ് ഈ ആരോപണത്തോടെ. ഈ പറയുന്നവർ ട്രാക്റ്റുപ്രിന്റ് ചെയ്തിട്ടില്ലയെന്നു മാത്രമല്ല. ദുരുപദേശം എന്ന നിലയിൽ പെന്തക്കോസ്തർക്ക് ഒരിക്കലും സ്വീകാര്യമല്ലാത്ത കാര്യങ്ങൾ പഠിപ്പിക്കുന്ന പൊങ്ങച്ചപ്രമാണികളെ വാനോളം പുകഴ്ത്താനും പിൻതുണയ്ക്കാനും യാതൊരു വൈമനസ്യവും കാട്ടിയിട്ടില്ല.

നോർത്തമേരിക്കൻ മലയാളി കോൺഫറൻസിൽ പ്രസംഗകനായി എത്തിയ കാനം അച്ചൻ പ്രോജക്ടുകൾ അവതരിപ്പിച്ച് അമേരിക്കൻ വിശ്വാസികളെ പിഴിയുന്ന വൃത്തിഹീനതയെ ഒരു ദൈവമകന് യോജിക്കും വിധം വിമർശിച്ചത്, പ്രോജക്റ്റുകളുടെ ആക്രിപണി ഏറ്റെടുത്ത് അന്നം ഭുജിച്ച് ഉറങ്ങുന്ന അരാജകത്വവാദികൾക്ക് ദഹിച്ചില്ല. "ഖുറാൻ കക്ഷത്തിലും കണ്ണുകാളയിലും"എന്ന ഉറുദുപഴമൊഴിപോലെ അച്ചനെ വിമർശിച്ചവർ ലക്ഷ്യമിട്ടത് എന്തെന്ന് വിവരമുള്ളവർ ഗ്രഹിച്ചുകഴിഞ്ഞു. പെന്തക്കോസ്തിലെ എല്ലാ സംഘടനകളും തങ്ങളുടെ ചൊൽപടിയ്ക്ക് നിൽക്കുന്നില്ലെങ്കിൽ അവയെ ഉന്മൂലനം ചെയ്തേ അടങ്ങൂ എന്ന മർക്കട മുഷ്ടിയ്ക്ക് ഏറ്റ തിരിച്ചടി നിമിത്തം അനുഭവിക്കുന്ന ജാള്യതയുടെ കനം കുറയ്ക്കാൻ നടത്തുന്ന കുറുക്കുവഴി എന്നതിൽ കവിഞ്ഞൊന്നും ഇവരുടെ കാളീവേദത്തിന് പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല. പക്ഷേ, അതിനായി ആക്ഷേപത്തിന്റെ അമിക്കയറിൽ ബന്ധിക്കാൻ അവർ തെരഞ്ഞെടുത്തത് കാനം അച്ചനെപോലെ ഒരു വലിയ മനുഷ്യനെ ആയതിൽ ദു:ഖമുണ്ട്.

അതുകൊണ്ട് കോമഡിവിഷപ്പുമാരുടെ സ്തുതി പാഠകരായി മാറിയും തങ്കൂയിസം പോലെയുള്ള മാരകമായ ദുരുപദേശം വിറ്റ് കാശാക്കിയും കുംഭ നിറയ്ക്കുന്ന കുരുട്ടുബുദ്ധികൾ പഠിച്ചത് പാടിമുന്നേറുക. പാവം കാനം അച്ചനെ വെറുതെവിടുക.

പത്രാധിപസമിതി

## ഐ. പി. സി. ഇലക്ഷൻ

# പരിഷ്കരണ വാദികൾക്ക് തിരിച്ചടി



പാ. ഫിലിപ്പ്.പി. തോമസ്
സെക്രട്ടറി



പാ. ഷിബു നെടുവേലിൽ
ജോ. സെക്രട്ടറി



കുര്യൻ ജോസഫ്
ജോ. സെക്രട്ടറി



പി. എം. ഫിലിപ്പ്
ട്രഷറാർ

**കുമ്പനാട്:** ഇഞ്ചോട് ഇഞ്ച് പോരാട്ടാത്തിൽ, ആഭരണധാരണം, ന്യൂ ജനറേഷൻ കൾട്ട്, തുടങ്ങിയവ പിൻതുണയ്ക്കുന്ന പരിഷ്കരണവാദികളെ പിൻതള്ളി പാസ്റ്റർ ഫിലിപ്പ് പി. തോമസ് നയിക്കുന്ന പാനൽ ഐ. പി. സി. സ്റ്റേറ്റ് ഭരണസമിതി പിടിച്ചെടുത്തു.

അദ്ദേഹത്തിന്റെ പാനലിൽ മത്സരിച്ച ഷിബു നെടുവേലിയ്ക്കും പി. എം. ഫിലിപ്പിനും ഒരു ഘട്ടത്തിൽ പോലും കാര്യമായ വെല്ലുവിളിയുയർത്താൻ എതിരാളികൾക്കായില്ല. എന്നാൽ ഫിലിപ്പ്. പി. തോമസിനെതിരെ പരിഷ്കരണവാദികളെ നയിച്ച എം. പി. ജോർജ്ജുകുട്ടി സെക്രട്ടറി സ്ഥാനത്തേയ്ക്ക് ഫിലിപ്പ് . പി. തോമസിന് കടുത്ത അഗ്നിപരീക്ഷണം നൽകിയാണ് കടത്തിവിട്ടത്. ജോർജ്ജുകുട്ടിയുടെ പാനലിലെ ജോയിന്റ് സെക്രട്ടറി കുര്യൻ ജോസഫ് നേരിയ ഭൂരിപക്ഷത്തിൽ വിജയിച്ചു എന്നതുമാത്രമാണ് പരിഷ്കരണവാദികൾക്കുള്ള ആശ്വാസം.

ഇരുപാനലുകളിലും ഉൾപ്പെടാതെ വിജയിച്ച പ്രൊഫ. റ്റി. സി. കോശിയുടെ വിജയം ശ്രദ്ധേയമായി.

പാനൽ സമവാക്യങ്ങൾ അട്ടിമറിയ്ക്കപ്പെടുമെന്നും അവസാന നിമിഷങ്ങളിൽ അപ്രതീക്ഷത തിരിമറികൾ നടക്കുമെന്നൊക്കെയുള്ള മാധ്യമനിരീക്ഷണങ്ങളെ ശരിവെയ്ക്കുന്ന റിസൾട്ടാണ് പുറത്തുവന്നിരിക്കുന്നത്. ഇതിനിടയിൽ പ്രമുഖന്മാർ പലരും അടിതെറ്റി വീണതും പുതുമുഖങ്ങൾ രംഗത്തെത്തിയതും ശ്രദ്ധേയമായി.

25- ന് ജനറൽ കൗൺസിൽ ഇലക്ഷനും നടക്കുന്നതിനാൽ അണിയറ സജീവമാണ്.

# ഐ. പി. സി. യു. എസ്. എ. സൗത്ത് ഈസ്റ്റ് റീജിയൻ ഭാരവാഹികൾ

**അഗസ്റ്റ:** ഐ. പി.സി. സൗത്ത് ഈസ്റ്റ് റീജിയന്റെ പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. പാസ്റ്റർ ജോൺ തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ജനറൽ ബോഡിയിലാണ് തെരഞ്ഞെടുപ്പു നടന്നത്. റവ. കെ. സി. ജോൺ പ്രസിഡന്റ്, റവ. ജെയിംസ് ഏബ്രഹാം വൈസ് പ്രസിഡന്റ്, റവ. ജോൺ ശാമുവേൽ ജനറൽ സെക്രട്ടറി, പാസ്റ്റർ ഡാനിയേൽ തോമസ്, ബ്രദർ രാജൻ ആര്യപ്പള്ളിൽ ജോയിന്റ് സെക്രട്ടറിമാർ, ബ്രദർ സ്റ്റീഫൻ ചാക്കോ ട്രഷറാർ, എന്നിവരെയാണ് തെരഞ്ഞെടുത്തത്. പാസ്റ്റർ പി. എ. കുര്യൻ, ബ്രദർ എം. ജോർജ്ജ് എന്നിവരെ ജനറൽ കൗൺസിൽ അംഗങ്ങളായും തെരഞ്ഞെടുത്തു.



റവ. കെ. സി. ജോൺ



റവ. ജോൺ ശാമുവേൽ



സ്റ്റീഫൻ ചാക്കോ

## അഭിനന്ദനങ്ങൾ





ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബിലീവേഴ്സ് ജേണൽ ചെയർമാൻ ബ്രദർ രാജൻ ആര്യപ്പള്ളിലിനും കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് എഡിറ്റർ ബ്രദർ എം. വി. ഫിലിപ്പിനും അഭിനന്ദനങ്ങൾ.

# ബ്ലസ്സ് ഫൗണ്ടേഷൻ ഉദ്ഘാടനം ചെയ്തു




പാസ്റ്റർ പി. ജോയി ഉദ്ഘാടനം നിർവ്വഹിക്കുന്നു

വാർത്ത: 8 -ാം പേജിൽ

ബിലീവേഴ്സ് ജേണൽ
Vol. 2 Issue: 17 2009 September 10

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

*രക്ഷാധികാരി*
**റവ. ജോർജ്ജ് വി. മേക്കാട്ട്**

*ചെയർമാൻ*
**രാജൻ ആര്യപ്പള്ളിൽ**

*വൈസ് ചെയർമാൻ*
**ജെയ്സൺ ജോസഫ്**

*മാനേജിംഗ് എഡിറ്റർ*
**എം.വി. ഫിലിപ്പ്**

*ചീഫ് എഡിറ്റർ*
**പാസ്റ്റർ സാംകുട്ടി മാത്യു**

*എഡിറ്റർ*
**അനിൽ കൊടിത്തോട്ടം**

*ബോർഡ് മെംമ്പേഴ്സ്*
**മോനി കൊടുന്തറ**
**തോമസ് ജോസഫ് കോട്ടയം**
**പാസ്റ്റർ സണ്ണി വാകത്താനം**

*പബ്ലീഷർ*
**പീറ്റർ മാത്യു വല്ല്യത്ത്**

*ചീഫ് കറസ്പോണ്ടന്റ്*
**പാസ്റ്റർ തോമസ് തോന്നയ്ക്കൽ**

*ലീഗൽ അഡ്വൈസർ*
**അഡ്വ. ഷാം കുരുവിള**

**ബിലീവേഴ്സ് ജേണൽ**
**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
**ബിലീവേഴ്സ് ജേണൽ**
മഞ്ഞാടിയിൽ ബിൽഡിംഗ്
മഞ്ഞാടി. പി.ഒ. തിരുവല്ല
കേരളം ,
പിൻ: 689 105
Mob: 9447368795

Email: - beljourn@gmail.com

Website
www.beljourn.com

അകം പൊരുൾ

# പ്രാർത്ഥന; ദൈവം കേൾക്കുന്നതും കേൾക്കാത്തതും



**തോമസ് തോന്നയ്ക്കൽ**

ദൈവം കേൾക്കുന്ന പ്രാർത്ഥനയുമുണ്ട് കേൾക്കാത്തവയുമുണ്ട്. ദൈവം കേട്ട പ്രാർത്ഥനയെക്കുറിച്ച് നിരവധി ഉദാഹരണങ്ങൾ വേദപുസ്തകത്തിലുണ്ട്. അപ്പോൾ തന്നെ കേൾക്കാത്ത പ്രാർത്ഥനകളെക്കുറിച്ചും പരാമർശങ്ങളുണ്ട് ഉല്പത്തിപുസ്തകത്തിൽ കയീന്റേയും ഹാബേലിന്റെയും വഴിപാടുകളെക്കുറിച്ച് പറയുമ്പോൾ കയീന്റെ വഴിപാട് തിരസ്കരിക്കപ്പെടുകയും ഹാബേലിന്റെ വഴിപാടിൽ യഹോവ പ്രസാദിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു.

നിസ്സഹായയായ ഹാഗാറിന്റെ പ്രാർത്ഥന യഹോവ കേട്ടതായി കാണാം. ഹാഗാർ അവളുടെ യജമാനനാലും യജമാനത്തിയാലും നിഷ്കരുണം ഉപേക്ഷിക്കപ്പെട്ട് മകനുമായി മരുഭൂമിയിൽ അലഞ്ഞു ഹതാശയായ അവൾ ഉറക്കെകരഞ്ഞു. തുരുത്തിയിലെ വെള്ളം തീർന്നു. ഒരിറ്റു ദാഹജലത്തിനുവേണ്ടി പാരവശ്യപ്പെടുന്ന മകന്റെ ദയനീയത നോക്കികൊണ്ടായിരുന്നു ആ അമ്മയുടെ കരച്ചിൽ. ദൈവം ഹാഗാറിന്റെ കരച്ചിൽ കേട്ടു. മരുഭൂമിയിൽ അവർക്കായി യഹോവ ഒരു നീരുറവ തുറന്നു. (ഉല്പത്തി. 21:19)

സന്താനസൗഭാഗ്യം നഷ്ടപ്പെട്ട് മറ്റുള്ളവരുടെ കണ്ണിൽ നിന്ദാപാത്രമായി മാറിയ ഹന്ന വേദനയോട് പ്രാർത്ഥിച്ചു. ദൈവം അവളുടെ പ്രാർത്ഥനകേട്ടു. അവൾക്ക് ഒരു മകനെ നൽകി. ഈ മകൻ ഇസ്രയേല്യ ചരിത്രത്തിലെ ശ്രേഷ്ഠ പുരോഹിതനായ ശമുവേൽ എന്നറിയപ്പെട്ടു.

ദിനവൃത്താന്ത പുസ്തകത്തിലെ യബ്ബേസിന്റെ പ്രാർത്ഥന പ്രസിദ്ധമാണ്. നിസാരനും നിസ്സഹായനുമായ യബ്ബേസ് ലഘുവായ ഒരു പ്രാർത്ഥന കഴിച്ചു. യബ്ബേസിന്റെ പ്രാർത്ഥന ദൈവം കേട്ടു (1 ദിനവൃത്താന്തം 4:10).

പഴയനിയമ കാലത്തെയും പുതിയ നിയമകാലത്തെയും ഭക്തന്മാരുടെ പ്രാർത്ഥനകൾ ദൈവം കേട്ടതായി തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. ദൈവഹിതപ്രകാരമുള്ള പ്രാർത്ഥനകൾക്കു മറുപടിയുണ്ട് (യോഹ 15:7)

**ദൈവം കേൾക്കാത്ത പ്രാർത്ഥനകൾ**

ദൈവം കേൾക്കാത്ത പ്രാർത്ഥനകളെക്കുറിച്ചും തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു. ഉല്പത്തിയിലെ കഥ തന്നെയെടുക്കാം. കയീന്റെ വഴിപാട് യഹോവ നിരസിച്ചു. നിയതമായ ഒരു നിയമാവലി അതുവരെ പ്രാർത്ഥനയെ സംബന്ധിച്ച് നൽകിയിരുന്നില്ല. എങ്കിലും വഴിപാടിനെ സംബന്ധിച്ച് ഒരു വാമൊഴി വ്യവസ്ഥ ഉണ്ടായിരുന്നു. കയീൻ ആ വ്യവസ്ഥ ലംഘിച്ച് സ്വന്തബുദ്ധിക്കനുസരിച്ച് പ്രവർത്തിച്ചു. അതുകൊണ്ട് തന്നെ ആ വഴിപാട് തിരസ്കരിക്കപ്പെട്ടു.

പാപത്തിൽ വീണ ആദാമ്യ സന്തതിയ്ക്കു മോചനം സ്ത്രീയുടെ സന്തതിയിലൂടെയായിരുന്നു. ഒരു കുഞ്ഞാട് അറുക്കപ്പെടുക എന്നത് ദൈവത്തിന്റെ അനാദി നിർണ്ണയ പ്രകാരമുള്ള പദ്ധതിയാണ്. രക്തം ചൊരിഞ്ഞാലേ മോചനമുള്ളൂ എന്നത് ദൈവപദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതിതുടക്കത്തിലെ തകിടം മറിയ്ക്കാൻ പിശാച് കയീനെ കരുവാക്കി. കയീന്റെ മനസ്സിൽ ഒരു പുത്തൻ ആരാധനാക്രമം രൂപപ്പെട്ടു. ഈ ആരാധന അഥവാ വഴിപാട് ദൈവനിഷേധമായിരുന്നു. അതുകൊണ്ട് തന്നെ കയീന്റെ വഴിപാടിൽ യഹോവ പ്രസാദിച്ചില്ല.

വഴിപാടുകൾക്ക് ഒരു ദൈവവ്യവസ്ഥയുണ്ട്. അത് എങ്ങനെയും എവിടെയും ആകാൻ പാടില്ല. യഹോവയ്ക്കല്ലാതെ വേറെ ദൈവങ്ങൾക്കു യാഗം പാടില്ല (പുറ 22:20) യാഗവസ്തു ഊനമില്ലത്തതായിരിക്കണം. (ലേവ്യ 22:20). അശുദ്ധ മൃഗത്തെ വഴിപാട്കഴിക്കരുത് (ലേവ്യ 27:11,27). അതിനൊരു ക്രമവും ചിട്ടയുമുണ്ട്. ഏലിയാവ് യാഗം കഴിക്കാൻ ചെന്നപ്പോൾ ഇടിഞ്ഞ് കിടന്ന യഹോവയുടെ യാഗപീഠം നന്നാക്കി (1 രാജാ 18: 30,31). യാഗത്തിന് മുമ്പ് ഏലീയാവ് ക്രമീകരണം വരുത്തി. കർത്താവും ഇതുതന്നെയാണ് ഗിരിപ്രഭാഷണത്തിൽ വ്യക്തമാക്കിയത്. വഴിപാടുമായി യാഗപീഠത്തിൽവരുമ്പോൾ സഹോദരനുമായി വിരോധമുണ്ടെങ്കിൽ രമ്യതപ്പെട്ടശേഷം വഴിപാട് കഴിച്ചാൽ മതിയെന്നാണ് കർത്താവ് പറഞ്ഞത് (മത്തായി 5: 23,24). ഹൃദയത്തിൽ അകൃത്യം കരുതിയാൽ കർത്താവ് കേൾക്കയില്ല (സങ്കീ 66:18). അന്യായ ബന്ധനങ്ങളും നുകത്തിന്റെ അമിക്കയറുകളും അഴിയപ്പെണം. അഥവാ കഷ്ടപ്പെടുന്നവരുടെ കഷ്ടപ്പാടുകൾ കണ്ടിട്ടും കാണാതെ കണ്ണടച്ച് കളഞ്ഞിട്ട് ഭക്തിയോടെ പ്രാർത്ഥിക്കുന്നത് നിരർത്ഥകമാണ്. (യെശയ്യാവ് 58:6-8). എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ;

**ശേഷം പേജ്: 10**

## ●●● പത്രാധിപർക്കുള്ള കത്തുകളും കുത്തുകളും ●●●

### ഐ. പി. സി. ഇലക്ഷൻ

പത്രാധിപർക്കുള്ള കത്തിൽ ഐ. പി. സി. ഇലക്ഷൻ വളരെ വിമർശിച്ചുകൊണ്ടുള്ള ലേഖനങ്ങളും അഭിപ്രായങ്ങളും കാണുകയുണ്ടായി. എന്നാൽ ഭാരത സുവിശേഷീകരണത്തിൽ ദൈവം തമ്പുരാൻ വളരെ ശക്തമായി ഉപയോഗിക്കുന്ന ഒരു പ്രസ്ഥാനം എന്ന നിലയിൽ ഞാനെന്നും അഭിമാനം കൊള്ളുന്ന ഒരു വ്യക്തിയാണ്. ഐ. പി. സി. ഇലക്ഷനോടുള്ള ബന്ധത്തിൽ എനിക്ക് ചോദിക്കുവാനുള്ളത് സ്ഥാനാർത്ഥികൾ നിങ്ങളുടെ അടുക്കൽ വോട്ടു ചോദിക്കുവാനെത്തുമ്പോൾ ഇല്ല ഞാൻ വരികയില്ല. ഈ പ്രവണത ശരിയല്ലയെന്നു ധൈര്യത്തോട്, ദൈവസ്നേഹത്തിൽ അവരോട് എന്തുകൊണ്ടു പറയുവാൻ സാധിക്കുന്നില്ല? ദൈവവചനാടിസ്ഥാനത്തിൽ ഇതു തെറ്റ് എന്നു ചൂണ്ടിക്കാണിക്കുവാൻ നാം കടപ്പെട്ടവരാണ്.അല്ലെങ്കിൽ സ്ഥാനാർത്ഥികളുടെ ഇത്തരത്തിലുള്ള പ്രവണതകൾ അവസാനിപ്പിക്കുവാൻ എന്തുകൊണ്ട് വോട്ടെടുപ്പ് ദിവസം വീട്ടിലിരുന്നുകൂടാ? ഐ. പി. സി. യിലുള്ള ഭൂരിപക്ഷം ദൈവ ദാസന്മാരും വിശ്വാസികളും ഇന്നു നടക്കുന്ന തെരഞ്ഞെടുപ്പ് രീതിയോട് വിയോജിക്കുന്നവരാണ്. എന്നാൽ പൊതു വിമർശനം നടത്തി നമുക്കുള്ള സ്വാധീനം വേണ്ടിയ സമയത്ത് വേണ്ടതുപോലെ ഉപയോഗിക്കുവാൻ ദൈവമക്കളായ നമ്മൾ ഒരുക്കമുള്ളവരായിരിക്കണം. ദൈവ മഹത്വം നമ്മുടെ സഭകളിൽ വെളിപ്പെടുവാൻ നമുക്ക് ഒന്നിച്ചു പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. ദൈവത്തിന് ഐ. പി. സി. പ്രസ്ഥാനത്തെ കുറിച്ചു വലിയ പ്രതീക്ഷ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

**ജെയിംസ് ചെമ്പനാൽ**
**ഹൂസ്റ്റൺ, യു,എസ്സ്. എ.**

**Email**
**beljourn@gmail.com**

### കൺസ്ട്രക്റ്റീവ് ക്രിട്ടിസിസം

പ്രിയ എഡിറ്റർ

ബിലീവേഴ്സ് ജേണലിന്റെ രണ്ട് ലക്കങ്ങൾ എനിക്ക് ലഭിച്ചു വളരെ സന്തോഷം. ഇതിലെ ലേഖനങ്ങളും മറ്റ് പംക്തികളും വളരെ ഉന്നത നിലവാരം പുലർത്തുന്നുണ്ട്. അതുപോലെ, കൺസ്ട്രക്റ്റീവ് ക്രിട്ടിസിസത്തിലൂടെ, ആത്മീയ മണ്ഡലത്തിൽ പടർന്നുക്കൊണ്ടിരിക്കുന്ന നെഗറ്റീവായിട്ടുള്ള കാര്യങ്ങളെ ശക്തമായി എതിർത്തുനിന്നുകൊണ്ട്, വേദ പുസ്തകത്തിന്റെ സത്യങ്ങളെ സമൂഹത്തിന് തെളിയിച്ചുകൊടുക്കുന്നതിൽ ഈ പത്രം വിജയിക്കുന്നുണ്ട്. മാസിക തുടർച്ചയായി അയച്ചുതരുമല്ലോ?. തിന്മയോട് തോൽക്കാതെ, നന്മയാൽ തിന്മയെ ജയിക്കുക. എല്ലാ നന്മകളും നേരുന്നു

**ഇവാ. റെജി കരിമ്പൻ, ഇടുക്കി**

### ജേണൽ വായിക്കുന്നത് പാപം

ബിലീവേഴ്സ് ജേണലിന്റെ എല്ലാ പ്രവർത്തകരെയും കർത്താവ് അനുഗ്രഹിക്കട്ടെ!

ബിലീവേഴ്സ് ജേണൽ ദയവായി ഇനി അയയ്ക്കരുതേ - ജമ്മു കാശ്മീരിൽ പ്രവർത്തിക്കുന്ന, കർത്താവിന്റെ വിശുദ്ധനായ ക്യാപ്റ്റൻ സാമുവേലിനെ ഏറ്റവും മ്ലേച്ഛമായി ചിത്രീകരിച്ച മാധ്യമവിചാരം വായിച്ചുപോയി. ഇത്തരം മാസികകൾ വായിക്കുന്നത് പാപമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ദയവായി ക്ഷമിക്കണേ; ഈ ജേണൽ ഒരിക്കലും അയയ്ക്കരുതേ, എന്ന് അപേക്ഷിക്കുന്നു

**തോമസ് എം.സി., ഒരുമനയൂർ, തൃശ്ശൂർ**

ജേണൽ വായിക്കുന്നതുകൊണ്ട് ഇത്തരം അനുഭവങ്ങളുണ്ടാവുന്ന ദുർബല മനസ്സുകൾക്ക് അവരുടെ താൽപര്യം പരിഗണിച്ച് ഈ ലക്കത്തിന് ശേഷം പത്രം അയയ്ക്കുന്നല്ല. വരിസംഖ്യ അടച്ചവരെങ്കിൽ വസ്തുത അറിയിച്ചാൽ ബാക്കിവരുന്ന പണം ഓഫീസിൽ വന്ന് കൈപ്പറ്റാവുന്നതാണ്. ഈ പത്രം വായിച്ചതുകൊണ്ട് ഈ സഹോദരനുണ്ടായ മാനസികവും ആത്മീകവുമായ ക്ഷതങ്ങളോട് ഞങ്ങൾക്കുള്ള സഹതാപം അറിയിക്കുന്നു.

**പത്രാധിപർ**

യുവജന പംക്തി

# വിവാഹത്തിന് മുൻപ് അറിയാൻ



ബിനു ജോസഫ് വടശ്ശേരിക്കര

**വി**വാഹത്തെപ്പറ്റി പല ധാരണകളാണ് പലർക്കും എന്നിരുന്നാലും L.K.G - U.K.G മുതൽ തന്നെ I Love you പറയുന്ന ഒരു തലമുറയാണ് ഇന്നുള്ളത്. ജീവിതപങ്കാളിക്കുവേണ്ടിയുള്ള അന്വേഷണം വളരെ നേരത്തെ പലരിലും ആരംഭിക്കുന്നു. എല്ലാവരും സ്നേഹിക്കുന്നു, അതിനാൽ ഞാനും സ്നേഹിക്കണം, സ്നേഹിക്കപ്പെടണം എന്ന തോന്നലാണ് ഇന്ന് എല്ലാവരിലും. ചിലർക്ക് ആരും 'എനിക്ക് ഇഷ്ടമാണ്' എന്ന് പറയാത്തതിലുള്ള ദുഃഖവും പ്രകടമാണ്. കാണാൻ കൊള്ളാത്തതിനാലാകാം – എന്നെ ആരും ഇഷ്ടപ്പെടാത്തത്; അല്ലെങ്കിൽ എന്റെ കഴിവില്ലായ്മയാകാം. ഇങ്ങനെ നീളുന്നു ഹൃദയത്തിനുള്ളിലെ പരാത്രികൾ. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള ഒരു മനസ്സ് എല്ലാവരിലും ഉണ്ട്. എന്നാൽ അത് ശരിയായി വിനിയോഗിക്കണം എന്ന് മാത്രം.

**ഇഷ്ടമാണ് പക്ഷേ...**

ജീവിതത്തിൽ എന്നെ സ്നേഹിക്കുന്നു എന്ന് ആദ്യം പറഞ്ഞ വ്യക്തിയോട് എങ്ങനെ 'No' എന്നു പറയും. അന്നാൽ പിന്നെ എതിർപ്പില്ലാതെ ഒന്ന് 'Yes' മൂളിയേക്കാം എന്നതാണ് തുടക്കം. പക്ഷേ ഇത്തരം പ്രേമങ്ങളും ഇഷ്ടങ്ങളും ഒന്നും ജീവിതത്തിലെ യാഥാർത്ഥ്യങ്ങൾ അറിഞ്ഞുള്ളതല്ല. തുടർച്ചയായി കണ്ടപ്പോൾ ഇഷ്ടപ്പെട്ടു. കിട്ടിയാൽ കൊള്ളാമെന്ന് തോന്നി. അത്ര തന്നെ. അല്ലെങ്കിൽ ഒരു സഹതാപം, ഒരു

**ക്രൈസ്തവ എഴുത്തുകാരനും യുവജന പ്രവർത്തകനുമായ ബിനു ജോസഫ് വടശ്ശേരിക്കര കൈകാര്യം ചെയ്യുന്ന യുവജന പംക്തി ഈ ലക്കം മുതൽ ആരംഭിക്കുന്നു. യുവജനങ്ങൾക്ക് ഇത് അനുഗ്രഹകരമായി തീരും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.**

ആവേശം, ഒരു അടുപ്പം, പിന്നെ ഒന്നിച്ച് ജീവിക്കുവാനുള്ള തീരുമാനമായി.

ഇഷ്ടമുള്ളവരെ എല്ലാം വിവാഹം കഴിക്കുക സാദ്ധ്യമല്ല. പിന്നെ ആവശ്യമായിരിക്കുന്നത് ശരിയായ തീരുമാനമാണ്. വിവാഹമോചനങ്ങൾ ഏറുന്ന ഈ കാലഘട്ടത്തിൽ തീരുമാനങ്ങളിലെ വിട്ടുവീഴ്ചയും പഴയ കാല ജീവിതവും എല്ലാം പരാജയ കാരണങ്ങളായി ഭവിക്കാം.

ഒരാൾ നിങ്ങളെ ഇഷ്ടപ്പെടുന്നു എന്ന് പറഞ്ഞാൽ എങ്ങനെ പ്രതികരിക്കണമെന്ന് പലർക്കും അറിയില്ല. എന്നാൽ താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ഒപ്പം ശരിയായ ഒന്ന് തിരഞ്ഞെടുക്കുകയും ചെയ്യുക.

* നിങ്ങൾ വിവാഹം കഴിക്കാനുള്ള പ്രായത്തിലാണോ?
* നിങ്ങൾ ചിന്തിക്കുന്ന ഈ ബന്ധം വീട്ടുകാർ സമ്മതിക്കുമോ?
* ദൈവഹിതം അറിഞ്ഞ് കർത്താവിനായി ജീവിക്കുന്ന ഒരു വ്യക്തിയാണോ?
* ശാരീരികമായ കാര്യങ്ങളെക്കാൾ ആത്മീകവും ധാർമ്മികവും ആയ കാര്യങ്ങൾക്കാണോ പ്രാധാന്യം?

നിങ്ങളുടെ കുടുംബപശ്ചാത്തലത്തിലും വിദ്യാഭ്യാസ നിലവാരത്തിനും ചേരുന്ന ബന്ധമോണോ ഇത്? മുകളിൽ പറയപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിച്ച ശേഷം എല്ലാ ചോദ്യത്തിനും Yes or അതേ എന്നാണെങ്കിൽ വീട്ടുകാരുമായി ആലോചിച്ച് വിവാഹത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

അല്ലായെങ്കിൽ താഴെപ്പറയുന്നതാകണം നിങ്ങളുടെ പ്രതികരണം.

* അല്ലെങ്കിലും ഇളയ സഹോദരിമാരോട് – (മൂത്തചേട്ടന്മാരോട്) എനിക്കും ഇഷ്ടമാണ്. നിങ്ങളെപോലൊരു സഹോദരിയെ (സഹോദരനെ) എനിക്ക് ലഭിച്ചതിൽ സന്തോഷം.

മറ്റുള്ളവരുടെ ഇഷ്ടമല്ല, ദൈവം ഇഷ്ടപ്പെടുന്നതാണ് എനിക്കിഷ്ടപ്പെട്ടത്.

ഇതൊക്കെ ചിന്തിക്കാൻ ഇനിയും സമയം ഉണ്ടല്ലോ- ധൃതിപ്പെടാതെ.

ഇങ്ങനെയുള്ള ഒരു പ്രതികരണമാകാം നിങ്ങളുടേത്.

വിവാഹത്തിൽ പലതിനും പ്രാധാന്യം ഉണ്ടെങ്കിലും പ്രേമബന്ധങ്ങൾക്ക് പ്രധാന കാരണം.

**ആൺകുട്ടികൾക്ക്**

ശേഷം പേജ്:9

ലേഖനം

കഴിഞ്ഞ ലക്കം തുടർച്ച

# പരിശുദ്ധാത്മാവും അഗ്നിയും



അനിഷ് കൊല്ലംകോട്

**ഉ**ത്തരം വളരെ ലളിതമാണ്. പരിശുദ്ധാത്മാവിന്റെ ആഗമനത്തെ 2–ാം വാക്യത്തിൽ തന്നെ ശക്തമായ കൊടിയ കാറ്റിനോടുപമിച്ചിരിക്കെ നമ്മൾ മറ്റൊരു ദൃഷ്ടാന്തം അന്വേഷിച്ച് ബുദ്ധിമുട്ടേണ്ട ആവശ്യമില്ല. അഗ്നിയെ പരാമർശിച്ചിരിക്കുന്നത് നാവിനോട് ബന്ധപ്പെട്ടാണ് (Clever tongue like as of fire) അല്ലാതെ പരിശുദ്ധാത്മാവിന്റെ പര്യായമായിട്ടോ, ദൃഷ്ടാന്തമായിട്ടോ അല്ല (ഉദാ. മിന്നൽ പോലെയായിരുന്നു അവരുടെ വേഗത എന്നു പറഞ്ഞാൽ വേഗത അക്ഷരാർത്ഥത്തിൽ മിന്നലായിരുന്നു എന്നു നമ്മൾ വ്യാഖ്യാനിക്കില്ലല്ലോ. വേഗതയെ വിശേഷിപ്പിക്കുകയാണ് 'മിന്നൽ' എന്ന പ്രയോഗത്തിലൂടെ) പരിശുദ്ധാത്മാവിന്റെ ആഗമനത്തിൽ അവരുടെ നാവിന്റെ കെട്ടഴിഞ്ഞ് അന്യഭാഷകളിൽ സംസാരിച്ചു. 'അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി എന്നു പറഞ്ഞാൽ പരിശുദ്ധാത്മാവ് പ്രാപിച്ചവർ അന്യഭാഷയിൽ സംസാരിച്ചപ്പോൾ അവരുടെ നാവിന്റെ ചലനം പിളർന്നിരിക്കുന്ന അഗ്നിജ്വാല പോലെയായിരുന്നു എന്നാണ് ഗ്രന്ഥകാരൻ വർണ്ണിക്കുന്നത്. അഗ്നിജ്വാലയുടെ അറ്റം പിളർന്നിരിക്കുന്നതുപോലെയായിരുന്നു അന്യഭാഷ പറഞ്ഞുകൊണ്ടിരുന്നവരുടെ നാവിന്റെ ചലനവും. മാത്രവുമല്ല അഗ്നിയാൽ സ്നാനപ്പെടുന്ന ഒരു അനുഭവം അവിടെ നടക്കുന്നില്ലതാനും. ഇനി അഗ്നിയുടെ പ്രത്യക്ഷത അവർ കണ്ടിട്ടുണ്ടെങ്കിൽതന്നെ അത് ദൈവന്യായം വിധിക്കുന്നവനും കൂടെയാണ് എന്നതിന്റെ സൂചനയായി മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

സന്ദർഭത്തിൽ നിന്നടർത്തിമാറ്റി പരിശുദ്ധാത്മാവിനെ അഗ്നിയോടുപമിക്കുന്നത് വചനപ്രകാരം തെറ്റാണ്. പരിശുദ്ധാത്മാവ് കൃപയുടെ ആത്മാവാണ്. ദഹിപ്പിക്കുന്ന അഗ്നിയല്ല. ചിലരുടെ ചോദ്യം അഗ്നിസ്നാനം എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് അഗ്നിയിൽ മുങ്ങുന്ന അനുഭവത്തെപ്പറ്റി ബൈബിൾ പ്രതിപാദിക്കുന്നുണ്ടോ എന്നതാണ്. തീർച്ചയായും. ജീവന്റെ പുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപൊയ്കയിൽ തള്ളിയിടും എന്നാണ് പറഞ്ഞിരിക്കുന്നത്. പൊയ്കയിൽ വീഴുന്നവൻ ഒരു പ്രാവശ്യമെങ്കിലും മുങ്ങി എഴുന്നേൽക്കുമല്ലോ. രക്ഷിക്കപ്പെടുന്നവരെ പരിശുദ്ധാത്മാവ് കൊണ്ടും രക്ഷ തിരസ്കരിക്കുന്നവരെ അഗ്നികൊണ്ടും കർത്താവ് സ്നാനം ഏല്പിക്കും. രക്ഷിക്കപ്പെട്ടവർക്കുള്ളത് കൃപയുടെ ആത്മവായ പരിശുദ്ധാത്മാവിലുള്ള സ്നാനമാണ്. അഗ്നി സ്നാനമല്ല. അത് അവിശ്വാസികൾക്കുള്ളതാണ്.

ഒരിക്കൽ യേശുവിന്റെ ശിഷ്യന്മാർ യേശുവിനോട്, ഏലിയാവ് ചെയ്തതുപോലെ ഞങ്ങൾ തീയിറക്കട്ടെ എന്ന് ചോദിച്ചപ്പോൾ യേശു പറഞ്ഞ മറുപടി നിങ്ങൾ ഏതാത്മാവിനാണ് അധീനർ എന്നു നിങ്ങൾ അറിയുന്നില്ല എന്നാണ്. അതുപോലെതന്നെ മത്താ. 3:11, ലൂക്കോ. 3:16 എന്നീ യോഹന്നാന്റെ പ്രസ്താവനകൾ യേശു വീണ്ടും ആവർത്തിക്കുമ്പോൾ 'അഗ്നി'യെപ്പറ്റിയുള്ള പരാമർശം താൻ വിട്ടുകളഞ്ഞു (അപ്പൊ. 1:8, 1:15). കാരണം കർത്താവ് തന്റെ ഒന്നാം വരവിൽ പ്രാധാന്യം കൊടുത്തത് കൃപയുടെ സുവിശേഷത്തിനാണ്. ശിക്ഷാവിധിയുടെ ദൂതിനല്ല. സ്വന്തം ജീവനെ കൊടുത്തും ശിക്ഷാവിധിയിൽ നിന്നും പാപികളെ രക്ഷിക്കുക എന്ന ഏകലക്ഷ്യമായിരുന്നു കർത്താവിന്റെ ഒന്നാം വരവിന്റെ പിറകിൽ. അഗ്നിയെപ്പറ്റിയുള്ള യോഹന്നാന്റെ പരാമർശം പ്രവചനവും യാഥാർത്ഥ്യവുമാണെങ്കിൽ പോലും നേരത്തെ സൂചിപ്പിച്ചതുപോലെ തന്റെ ഒന്നാംഘട്ട ശുശ്രൂഷയിൽ ശിക്ഷാവിധിയുടെ ദൂത് അപ്രസക്തമായതുകൊണ്ടാണ് കർത്താവ് ആ പ്രയോഗം ഒഴിവാക്കിയത്. കൃപ ത്യജിക്കപ്പെടുമ്പോഴാണല്ലോ ശിക്ഷാവിധിയുടെ ദൂതിന് പ്രസക്തിയേറുന്നത്.

നസ്രേത്തിൽ കർത്താവ് തന്റെ ശുശ്രൂഷയെപ്പറ്റി പറയുമ്പോഴും കോപ ദിവസത്തെപ്പറ്റിയുള്ള പരാമർശം മന:പൂർവ്വം ഒഴിവാക്കുന്നു. യെശയ്യാ പ്രവചനം 61–ാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങൾ കർത്താവ് വായിച്ചുവെങ്കിലും 'കർത്താവിന്റെ പ്രസാധവർഷവും പ്രതികാരവർഷവും പ്രസംഗിപ്പാൻ എന്നെ അയച്ചിരിക്കുന്നു' എന്ന ഭാഗത്തെ പ്രതികാരവർഷം എന്ന പദപ്രയോഗം വിട്ടുകളഞ്ഞു. പ്രസാധ വർഷം പ്രസംഗിപ്പാൻ എന്നെ അയച്ചിരിക്കുന്നു എന്നു മാത്രമാണ് പറഞ്ഞത്. യെശയ്യാപ്രവചന പുസ്തകത്തിലെ 'പ്രതികാരവർഷം' എന്ന പ്രയോഗം മന:പൂർവ്വം ഒഴിവാക്കിയതുപോലെ തന്നെയാണ് മത്താ. 3:11, ലൂക്കോ 3:16 എന്നീ ഭാഗങ്ങളിലെ യോഹന്നാന്റെ പ്രവചന വാക്യങ്ങളെ യേശു വീണ്ടും ഉപയോഗിച്ചപ്പോൾ അതിലെ 'അഗ്നി' എന്ന പരാമർശത്തെ വിട്ടുകളഞ്ഞതും. ഇത്രയും ലളിതമായ കാര്യം ഗ്രഹിക്കാൻ വലിയൊരു ചിന്തകനോ, പ്രസിദ്ധനായ ഒരു പ്രസംഗകനോ ആകേണ്ടതില്ല. ദൈവവചനത്തോട് ആത്മാർത്ഥത പുലർത്തുന്ന ഒരു ബൈബിൾ വിദ്യാർത്ഥിയുടെ മനസ്സുണ്ടായാൽ മാത്രം മതിയാകും.

സാധാരണഗതിയിൽ ഒരു പുതിയ നിയമ ഉപദേശമോ പ്രമാണമോ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കുന്നത് താഴെപ്പറയുന്നവയാണ്:-

1. കർത്താവ് പഠിപ്പിച്ചതോ പ്രയോഗത്തിൽ വരുത്തിയിട്ടുള്ളതോ ആകണം.
2. അപ്പസ്തോലന്മാർ പഠിപ്പിച്ചതോ ചെയ്തിട്ടുള്ളവയോ ആകണം.
3. ആദിമ സഭ പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതാകണം.
4. ലേഖനങ്ങളിൽ പരാമർശമുണ്ടാകണം.
5. പുതിയ നിയമത്തിലെ മറ്റ് ഉപദേശങ്ങളുമായി പൊരുത്തപ്പെടണം.

ആദ്യത്തെ മൂന്നെണ്ണം പ്രൈമറി ടെക്സ്റ്റും രണ്ടാമത്തെ രണ്ടെണ്ണം സെക്കൻഡറി ടെക്സ്റ്റുമാണ്. മേൽ പറഞ്ഞ അഞ്ച് മാനദണ്ഡങ്ങളിൽ ഒരെണ്ണം പോലും പ്രസ്തുത ഉപദേശത്തെ (പരിശുദ്ധാത്മാവിനെ അഗ്നിയോടുപമിക്കുന്ന) ഉൾക്കൊള്ളാതിരിക്കുമ്പോൾ അതിനെതിരായി വ്യാഖ്യാനിക്കുന്നത് ന്യായമല്ലല്ലോ. കർത്താവ് "പരിശുദ്ധാത്മാവ്" എന്ന പ്രയോഗം മാത്രമാണ് ഉപയോഗിച്ചത്. അപ്പോസ്തലപ്രവർത്തിയിലാകട്ടെ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു എന്നാണ് വിവരണം (അഗ്നിയിൽ എന്നല്ല). പത്രോസിന്റെ പ്രസംഗത്തിലും പരിശുദ്ധാത്മാവിനെ മാത്രമേ പരാമർശിക്കുന്നുള്ളൂ. പൗലോസിന്റെ പരാമർശവും നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നതാണ്. കർത്താവോ അപ്പോസ്തലന്മാരോ ആദിമ സഭയോ ലേഖനങ്ങളോ പ്രായോഗികമാക്കാത്തതും പുതിയ നിയമത്തിലെ മറ്റുപദേശങ്ങളുമായി പൊരുത്തപ്പെടാത്തതുമായി ഈ ഉപദേശം മാനുഷികമാണോ ദൈവീകമാണോ എന്ന് ശോധന ചെയ്യേണ്ട ഉത്തരാവാദിത്വം വായനക്കാർക്ക് നൽകുന്നു.

ജേണൽ Vol. 2 Issue: 17 2009 September 10

## കവിത

# വിശ്വാസകപ്പൽ

**ഇവാ. റെജികരിമ്പൻ**

വിശ്വാസയാന പാത്രത്തിലേറി പൊരുതിടാം സോദരരേ.......
അഴകനാം ശ്രീ യേശുവിൽ ദൂതമായ് യാനം ചെയ്തിടാം.
അന്യർ - പരദേശികളായ നാം വിട്ടകലുമീയുലകത്തെ-
കഷ്ടനഷ്ട രോഗ ദുഃഖാദികളൊന്നുമില്ലാത്ത കേതത്തെ പുൽകുവാൻ

വിശ്വാസകൈവഴി യോടിയ - ഹുമനയോസ്, അലക്സന്തർ
പിന്നെ, ഫിലേത്തോസ് മുതൽപ്പേർ, അപഭ്രഷ്ടരായില്ലേ ഭുവനത്തിൽ
ആദ്യ വിശ്വാസ മന്ത്യത്തോളം പിടിച്ചിടേണമെന്നോർക്കുക
വീണ്ടുമൊരു വാഗ്ദത്തം ശേഷിക്കയാൽ ഞെളിയാതെ ഭയപ്പെടാം

തീ പോൽ പ്രോജ്ജ്വലനാം സർവ്വേശനെ.
പ്രത്യാശ ത്യജിക്കും ആത്മീയ ലോകമേ....ശ്രദ്ധിക്കു
വാതുക്കൽ നിൽക്കും ന്യായാധിപനെ.
വിശ്വാസത്യാഗമൊരു വിശ്വാസ പാതകമെന്നോർക്കുകിൽ.

അചഞ്ചല വിശ്വാസമൊടെരിഹോവിൻ മതിലിടിച്ചിടാൻ ചുറ്റിടാം.
ഇസ്രായേൽ ചെയ്തത് മിശ്രേയിമ്യർക്കാവില്ല.
വിശ്വാസത്താലല്ലയോ അവർ ചെയ്തതും യാനം ചെയ്തതും
എങ്കിലും ഭൂരിഭാഗം മരുഭൂവിൽ പട്ടുപോയി.

അനുസരണക്കേടവിശ്വാസ മത്സരമെന്ന കരിമ്പാറകൾ
തട്ടിതകർത്തിടും സ്വജീവിത നൗകയെ.
ആത്മജീവിത ബാലൻസ് കാത്തീടുകിൽ
സ്വസ്തയിലെത്തുമേ വിശ്വാസകപ്പൽ,

നിത്യജീവൻ കയ്യടക്കി വീറോടെ പൊരുതിയ രൂഫോസ്
നേടിയെടുത്തില്ലേ, ക്രിസ്തുവിൻ പ്രശസ്തി പത്രം.
അലറും കരിഭീരമെന്ന പോൽ ഭോഷ്ക്കിന്നപ്പനാം സാത്താൻ,
വിഴുങ്ങിടുവാൻ പരതിടുന്നു നമ്മുക്ക് ചുറ്റും.

നിർത്തിടാം, നമ്മുക്കകത്തളത്തിലെ യുദ്ധം.
പാറിപ്പറക്കട്ടെ, ജൈത്ര കേതു വിശ്വാസകപ്പലിൽ
ഓർക്കുകിൽ, ലോകവസാനം വന്നിരിക്കുന്നിവിടെ,
നിൽപ്പൂ, എന്നുറപ്പുള്ളോർ വീണിടാതെ സൂക്ഷിപ്പിൻ.
വിശ്വാസ നായകൻ സമാപ്തി നൽകും ക്രിസ്തനെ നോക്കി
ചലിക്കട്ടെ, വിശ്വാസയാന പാത്രം ഒഴിക്കിനെതിരെ

## വസ്തു വില്പനയ്ക്ക്

**കു**മ്പനാട് ജംഗ്ഷനിൽ നിന്നും ഏകദേശം ഒന്നരകിലോമീറ്റർ സമചതുരം എല്ലാ സൗകര്യങ്ങളുമുള്ള ഏകദേശം ഓരേക്കർ സ്ഥലം മൊത്തമായോ പ്ലോട്ടുകളായോ വിൽപ്പനയ്ക്ക്

**ഫോൺ: 9446068750, 9446709783**

**തു**വയൂർ ചർച്ച് ഓഫ് ഗോഡിനു സമീപമായി മെയിൻ റോഡ് ഫ്രണ്ടേജുള്ള 5 സെന്റ് സ്ഥലം. സമചതുരം-(വീടിനായി ഫൗണ്ടേഷൻ കഴിഞ്ഞതാണ്) ആകർഷകമായ വിലയിൽ ലഭ്യമാണ്.

**ഫോൺ: 9747642353**

**ക**റുകച്ചാൽ മല്ലപ്പള്ളി റോഡിൽ, നെടുങ്ങാടപ്പള്ളിയിൽ 20 സെന്റ് സ്ഥലവും വീടും

**ഫോൺ: ബിനു: 9447445917**

## ഗ്രീക്കു ഭാഷാ പഠനം -24




### ക്രിയയുടെ വ്യാകരിക്കൽ

(തുടർച്ച)

**ഗ്രീ**ക്കിൽ നാമപാദങ്ങൾക്കെന്നപോലെ ക്രിയാപാദവും (Verb) വ്യാകരിക്കേണ്ടതുണ്ട്. നാമപദത്തിനൊടുവിൽ വരുന്ന പദാന്തവ്യതിയാനം അഥവാ Declension അറിഞ്ഞെങ്കിലേ നാമ പദങ്ങളെ വ്യാകരിക്കാനാവൂ എന്നു നാം പഠിച്ചു.

ക്രിയാപദങ്ങളുടെ പാദാന്തവ്യതിയാനത്തെ Conjugation എന്നാണ് പറയുക. നാമപദങ്ങളുടെ Declension അറിയുക എന്നതുപോലെ ക്രിയാപദങ്ങളുടെ Conjugation പഠിക്കേണ്ടതും സുപ്രധാനമാണ്.

ഗ്രീക്കിൽ ഒരു വാചകഘടനരൂപപ്പെടുമ്പോൾ അതിന്റെ ക്രിയയിലും നാമത്തിലും ഒരുപോലെയുണ്ടാകുന്ന പദാന്തവ്യതിയാനങ്ങൾ പഠിക്കാത്ത ഒരാൾക്ക്, പരിഭാഷയടക്കമുള്ള ഭാഷാപരിചയം സിദ്ധിക്കില്ല.

നാമപദങ്ങൾ വ്യാകരിക്കുമ്പോൾ Case, Number, Gender, Root, Meaning ഇവ അറിഞ്ഞിരിക്കണം എന്നു നാം പഠിച്ചു. ഇതേ വിധം ക്രിയയുടെ പാർസിംഗിന് Tense, Mood, Voice, Number, Root Meaning എന്നിവയാണ് അറിയേണ്ടത്.

# സമാധാനാ സന്ദേശ റാലി

**മാവേലിക്കര:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ മാവേലിക്കര ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15 നു സമാധാന റാലി നടത്തി. ഡിസ്ട്രിക്ട് പാസ്റ്റർ ജെ. ജോസഫ് ഫ്ളാഗ് ഓഫ് ചെയ്തു. 65 പേർ റാലിയിൽ പങ്കെടുത്തു. മാവേലിക്കര, മുട്ടം, നങ്ങ്യാർക്കുളങ്ങര, കായംകുളം, കൃഷ്ണപുരം, കറ്റാനം, കുറത്തികാട് റൂട്ടിൽ 20 പരസ്യയോഗങ്ങൾ നടത്തി. പാസ്റ്റർമാരായ സണ്ണി പി. സാമുവേൽ, ലൗവ്ജി ഏലിയാസ്, വി. എ, മാത്യു, ബിജു ജോയി, റ്റി.ജെ. ഡാനിയേൽ, പി. ബി. മോനായി തുടങ്ങിയവർ പ്രസംഗിച്ചു.



പാസ്റ്റർ ജെ. ജോസഫ് റാലി ഫ്ളാഗ് ഓഫ് ചെയ്യുന്നു

## എ. ജി. യുവജനക്യാമ്പ്

**അടൂർ:** സി. എ. ക്യാമ്പ് സെപ്റ്റംബർ 1-3 വരെ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ നടന്നു. വിശുദ്ധി എന്നതായിരുന്നു ക്യാമ്പ് തീം. പാസ്റ്റർ അനിൽ അലക്സാണ്ടർ (മുംബൈ) പ്രധാന പ്രസംഗകനായിരുന്നു. പാസ്റ്റർ റ്റി. പി. വർഗീസ്, പാസ്റ്റർ ബാബു ജോർജ്ജ് (പത്തനാപുരം), പാസ്റ്റർ പോൾ കെ. ചന്ദ്രൻ, പാസ്റ്റർ ഏബ്രഹാം തോമസ്, പാസ്റ്റർ . എ. ഷാജി, റവ. കെ. എസ്. ശമുവേൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. പാസ്റ്റർ പ്രഭ റ്റി. തങ്കച്ചൻ സമാപന സന്ദേശം നൽകി. പാസ്റ്റർ ജി. ജോൺസൺ, പാസ്റ്റർ സനൽകുമാർ ആർ ബിജു ഡാനിയേൽ, ജിനു വർഗ്ഗീസ്, പാസ്റ്റർ ഷൈജു തങ്കച്ചൻ, പാസ്റ്റർ സുരേഷ്കുമാർ ഡി തുടങ്ങിയവർ നേതൃത്വം നൽകി. സെക്ഷൻ സി. എ. പ്രസിഡന്റുമാർ കൺവീനർമാരായി പ്രവർത്തിച്ചു. അരോമ ബീറ്റ്സ്, കൊട്ടാരക്കര ഗാനങ്ങൾ ആലപിച്ചു.

## ? ചോദ്യോത്തര പംക്തി ✔

# വിശ്വാസവും ദൈവ പ്രവർത്തിയും



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** ജനങ്ങളുടെ അവിശ്വാസം നിമിത്തം യേശു അവിടെ വളരെ അത്ഭുത പ്രവർത്തികൾ ചെയ്തില്ല. (മത്തായി 13:58). ജനങ്ങളുടെ വിശ്വാസമനുസരിച്ചാണോ ദൈവം പ്രവർത്തിക്കുന്നത്? വിശ്വാസമില്ലെങ്കിൽ ദൈവം ഒന്നും ചെയ്യുകയില്ലേ?

**ജോബി, നാരോലിൽ, മാമ്പതി**

**ഉത്തരം:** യേശുവിന് അത്ഭുതം ചെയ്യുവാൻ ജനങ്ങളുടെ വിശ്വാസം ആവശ്യമില്ല. നയീനിലെ വിധവയുടെ മകൻ മരിച്ച് മഞ്ചത്തിൽ കിടത്തി അടക്കം ചെയ്യുവാൻ കൊണ്ടുപോയപ്പോൾ, മരിച്ച യുവാവിനെ **ഉയർപ്പിക്കുമെന്ന്,** നാട്ടുകാരും, വീട്ടുകാരും വിധവയും ആവശ്യപ്പെട്ടില്ല, കരുതിയില്ല (ലൂക്കോസ് 7:11 -15)

നസറെത്തിലെ ജനങ്ങൾ യേശുവിനെ വിശ്വസിക്കാഞ്ഞതു കാരണം, ആവശ്യങ്ങൾക്കുവേണ്ടി ആരും യേശുവിനെ സമീപിച്ചു കാണുകയില്ല.ആരും സമീപിക്കാഞ്ഞതു കാരണം യേശുവിന് പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല.

എന്റെ താമസസ്ഥലത്തിനടുത്ത് മല്ലപ്പള്ളിയിൽ ഒരു ഹോമിയോ ഡോക്ടറുണ്ട്. അനേക വർഷങ്ങൾ ആന്ധ്രായിലെ ആദിവാസി മേഖലയിലായിരുന്നു പ്രവർത്തനം. അവിടെവച്ച് അണലി/മൂർഖൻ മുതലായ വിഷപാമ്പുകൾ കടിച്ച നൂറുകണക്കിനാൾക്കാരെ ചികിത്സിച്ച് രക്ഷപ്പെടുത്തിയിട്ടുണ്ട്. കാരണം ആ മേഖലയിൽ വേറെ ആശുപത്രികളൊന്നും ഇല്ലായിരുന്നു. ആദിവാസികൾക്കാശ്രയം ഈ ഡോക്ടർ മാത്രമായിരുന്നു.

എന്നാൽ മല്ലപ്പള്ളിയിൽ വന്നതിനുശേഷം നാലഞ്ചുപേരെ മാത്രമേ രക്ഷപെടുത്താൻ കഴിഞ്ഞുള്ളൂ. പാമ്പുവിഷ ചികിത്സയ്ക്ക് ഹോമിയോപ്പതിയിൽ കേരള ജനതയ്ക്ക് വിശ്വാസമില്ലാത്തതിനാൽ ആരും ഈ ഡോക്ടറെ സമീപിക്കാറില്ല.

## 'കല്ലുകടി'

### തോറ്റിട്ടും പയറ്റിനോക്കിയ തന്ത്രം

**ഐ**. പി. സി. ഇലക്ഷനിൽ എല്ലാ തന്ത്രങ്ങളും പയറ്റി പരാജയമടഞ്ഞവരുടെ ഒരു പുതിയ തന്ത്രവും പാളി. കഴിഞ്ഞ പ്രാവശ്യം ഇലക്ഷൻ ഫല പ്രഖ്യാപനം നടന്നയന്നു പാതിരാത്രിയ്ക്ക് ഒപ്പിട്ട് അധികാരമേറ്റവരാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഇക്കുറി ഫല പ്രഖ്യാപനം വന്നുകഴിഞ്ഞപ്പോൾ പ്രസിഡന്റും വൈസ്പ്രസിഡന്റും ഒപ്പിടാതെ മുങ്ങി. വൈസ് പ്രസിഡന്റിന് 22 നു മാത്രമേ ഒപ്പിടാൻ കഴിയൂ. ഫല പ്രഖ്യാപനം വരെ കുമ്പനാട് തമ്പടിച്ചവർക്കെല്ലാം തിരക്കോടുതിരക്ക്. കാരണം സിമ്പിൾ. ഒപ്പിടാതെ പോയാൽ ആർക്കെങ്കിലും ഇതിനിടയിൽ കോടതിയെ സമീപിച്ച് സ്റ്റേവാങ്ങിയാൽ ജയിച്ചുകയറിയ സെക്രട്ടറിയുടെ പാനലിനു പാരയാകും. എങ്ങനെയുണ്ട് കുബുദ്ധി. ഏതായാൽ ഐ. പി. സിയുടെ സുപ്രീം കോടതി ഇടപെട്ടു. സംഗതി ശുഭം.

**അടിക്കുറിപ്പ്: സമയാസമയങ്ങളിൽ നിലപാടു മാറ്റുന്നതിലാണ് നേതാവിന്റെ വിജയം, നേതാക്കന്മാർ ഇക്കുറിയും അത് തെളിയിച്ചു.**

ചർച്ച

## കാലം നൽകുന്ന തിരിച്ചടി

# ഒരു മൂന്നാം തലമുറക്കാരന്റെ ആത്മനൊമ്പരങ്ങൾ

തോമസ് തോന്നയ്ക്കൽ

ചരിത്രമറിയാത്തവരാണ് ഇന്നത്തെ തലമുറ. ഉപരിപ്ലവതയുടെ ഉപാസകർ. ആഴിയും ആഴവു ആരായാതെ അലകളെ വെല്ലുവിളിച്ചവരാണ് പഴയ നമ്മുടെ പിതാക്കന്മാരുടെ തലമുറ പെന്തക്കോസ്ത് പ്രസ്ഥാനം കൈവരിച്ച ഭൗതിക വളർച്ചയുടെ വർണ്ണാഭത്തെ ആഘോഷിക്കുകയാണ് ഇന്നത്തെ ഇളം തലമുറ.

പെന്തക്കോസ്തെന്ന ആത്മീയാനുഭവം വ്യക്തികളെയും സമൂഹങ്ങളെയും രൂപാന്തരപ്പെടുത്തി ഒരു മഹാപ്രസ്ഥാനമായി മലയാള നാട്ടിൽ വളർന്നു നിൽക്കുമ്പോൾ അതിനവർകൊടുക്കേണ്ടിവന്ന വില വളരെ വലുതായിരുന്നു.

മറ്റൊരുടെയും കഥകൾ പറയാതെ പെന്തക്കോസ്തുമായി ബന്ധപ്പെട്ട ഞങ്ങളുടെ തന്നെ അല്പം കൂടുംബപുരാണം പറയാം. തെക്കൻ തിരുവിതാംകൂറിലെ ആദ്യകാല പെന്തക്കോസ്തു പ്രവർത്തകനായിരുന്നു എന്റെ വല്യപ്പച്ചൻ പാസ്റ്റർ പീറ്റർ ജോസഫെന്ന മംഗലപുരം ജോസഫുപദേശി. പഴയകാലത്ത് ബ്രിട്ടീഷ് മിഷണിമാരുടെ വളർത്തുമകനായി ബോഡിംഗ് സ്കൂളിൽ വളർന്നതിനാൽ നല്ല വിദ്യാഭ്യാസം ലഭിച്ചിരുന്നു. നല്ല വണ്ണം ഇംഗ്ലീഷ് സംസാരിക്കുകയും എഴുതുകയും ചെയ്തിരുന്നു. സ്കൂൾ പഠനത്തിനുശേഷം തുണി നെയ്ത്തു പഠിച്ചു. തുണി നെയ്ത്തിൽ ഉന്നത പരിശീലനം പൂർത്തിയാക്കി ബോംബെയിലെ തുണിമില്ലിൽ ഇൻസ്ട്രക്ടറായി നിയമനം കാത്തിരിക്കുമ്പോൾ ദൈവസന്ദർശനം. രോഗിയായി മാറിയതിനാൽ വിദഗ്ധ ചികിത്സക്കായി നെയ്യൂർ മിഷൻ ഹോസ്പിറ്റലിൽ പ്രവേശിക്കപ്പെട്ടു. ആയിടെ ഇടയാറന്മുള കൊച്ച് കുഞ്ഞുപദേശി നെയ്യൂരിൽ സുവിശേഷം പ്രസംഗിച്ചു. പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു. രോഗശാന്തിയും ലഭിച്ചു. പിന്നീട് പാസ്റ്റർ പി. എം. ശാമുവേലിലൂടെ പെന്തക്കോസ്ത് ഉപദേശം കേട്ടു. അത് ആറാമടയിലെ ഉണർവ്വിന്റെ കാലമായിരുന്നു. ആറാമട കൊച്ചുകുഞ്ഞുസന്യാസിയുമായി പരിചയത്തിലാകുകയും 1930ൽ സന്യാസിയുടെ കൈക്കീഴിൽ മുഴുകൽ സ്നാനം പ്രാപിക്കുകയും ചെയ്തു.

സ്നാന സംഭവം ദേശത്ത് കോളിളക്കം സൃഷ്ടിച്ചു. സഭയുടെ സർക്കിൾ ഡീക്കനായ ജോസഫ് വേർപാടുകാരോട് (പെന്തക്കോസ്തുകാരെ അക്കാലത്ത് വിളിച്ചിരുന്നത് വേർപാടുകാർ എന്നായിരുന്നു) ചേർന്ന് മുങ്ങി സ്നാനം നടത്തിയത് സദാചാരികളെ പ്രകോപിപ്പിച്ചു. മിഷണറി സായ്പ് ജോസഫിനെ വിളിച്ച് വിസ്തരിച്ചു. പെന്തക്കോസ്തിൽ ഉറച്ചു നിന്ന ഡീക്കനെ സായ്പ് ശപിച്ചു. നീയോരു മരുഭൂമിയാകും.

മിഷന്റെ ദത്ത് പുത്രനായ ജോസഫിന് മിഷൻ ഖജനാവിൽ നിന്നുള്ള ആനുകൂല്യങ്ങൾ നിഷേധിച്ചു. ആ മിസ്രയീമ്യ നിക്ഷേപങ്ങളെ നിരസിച്ച ഡീക്കൻ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി ഉറച്ചു നിന്നു. ഇതിനിടെ കഷ്ടപ്പാടുകൾ തിരയടിക്കാൻ തുടങ്ങി. പട്ടിണി നിത്യസംഭവമായി.ഒപ്പം പീഡനങ്ങളും. പലപ്പോഴും മർദ്ദനമേറ്റു. കൃഷികൾ നശിപ്പിച്ചു. വീടിന് കേടുവരുത്തി. സമൂഹം ഒന്നാകെ ഒറ്റപ്പെടുത്തി. ഒടുവിൽ നിവൃത്തിയില്ലാതെ ജോസഫുപദേശി ഭാര്യയെയും അഞ്ച് മക്കളെയും കൊണ്ട് കിഴക്കൻ നാടായ വെമ്പായം ഭാഗത്തേക്ക് യാത്രയായി. കരടിയോട് ഭാഗത്ത് താമസിച്ച് വേലതുടർന്നു. അവിടെയും കാത്തിരുന്നത് കഷ്ടപ്പാടുകൾ തന്നെ. പലപ്പോഴും കാട്ടുകനികൾ തിന്ന് വിശപ്പടക്കേണ്ടിവന്നു. ഒടുവിൽ ദേശത്ത് ഉണർവ്വ് ശക്തമായി. കരടിയോട് വനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് അവർ പ്രാർത്ഥിച്ചു.വനാന്തരീക്ഷം അന്യഭാഷയായിൽ മുഖരിതമായി. അത്ഭുതങ്ങൾ സംഭവിച്ചു. വളരെപ്പേർ പെന്തക്കോസ്തനുഭവസ്ഥരായി.

ചിലവർഷങ്ങൾ കഴിഞ്ഞ് ജോസഫുപദേശി മംഗലാപുരത്ത് വീണ്ടും മടങ്ങിവന്നു. അപ്പോഴേക്കും അവിടത്തെ കാലാവസ്ഥമാറിയിരുന്നു. പ്രവർത്തനഫലമായി ഒരു സഭ രൂപപ്പെട്ടു. പ്രവർത്തനം ശക്തിപ്പെട്ടപ്പോൾ ചുമതല മറ്റൊരാളെ ഏല്പിച്ചു ഉപദേശി സമീപ പട്ടണമായ ആറ്റിങ്ങലിലേക്കുപോയി. കുട്ടികാലത്ത് ബോഡിംഗ് പഠനം നടത്തിയ ആറ്റിങ്ങലിനെക്കുറിച്ച് പ്രത്യേക ഭാരം ലഭിച്ചിരുന്നു. ഹൈന്ദവ ഭൂരിപക്ഷ പ്രദേശമായ ആറ്റിങ്ങലിൽ കാര്യമായ സുവിശേഷീകരണം നടന്നിരുന്നില്ല. ഒരിക്കൽ ഉപദേശിയും കൂട്ടരും തെരുവിൽ പ്രസംഗിക്കുമ്പോൾ ക്ഷുഭിതനായ ഒരു നാട്ടുകാരൻ ചോദിച്ചു. ഈ നായ്ക്കൾ ഇവിടെയും വന്നോ.

പട്ടണ പ്രദേശമായ വലിയകുന്നിൽ ഭാര്യയും അവിവാഹിതയായ ഏകമകളുമൊത്ത് താമസിച്ചത് ദുരിതങ്ങളുടെ നടുവിലായിരുന്നു. പട്ടിണിയോട് പട്ടിണി. രോഗശാന്തിയിലുറച്ച് നിന്ന ഭാര്യയെ നിരന്തരം കുത്തിനോവിച്ച ജഡത്തിലെ ശൂലം മറുഭാഗത്ത്. കഷ്ടപ്പാടുകളുടെ മദ്ധ്യേ വല്യപ്പച്ചൻ എപ്പോഴും പാടുന്ന പാട്ടായിരുന്നു മനമേ ചഞ്ചലമെന്തിനായ് കരുതാൻ വല്ലഭൻ ഇല്ലയോ..? എന്ന ആശ്വാസ ഗാനം.

> **പെന്തക്കോസ്തിലെ മൂന്നാം തലമുറക്കാരനായ ഞാൻ ഞങ്ങളുടെ കുടുംബപുരാണത്തിലെ അല്പം കാര്യങ്ങൾ എഴുതേണ്ടി വന്നത് കേരളത്തിലെ പെന്തരെസ്തു മുന്നേറ്റത്തിന്റെ ഒരു പരിച്ഛേദം തുറന്നുകാട്ടാൻ വേണ്ടി മാത്രമാണ്. ഓരോ ദേശത്തും നിയോഗം ലഭിച്ച് ദൗത്യവാഹകരായി മാറിയവർ നെഞ്ചും നീരും നൽകി വളർത്തിയതാണ് കേരളത്തിലെ പെന്തക്കോസ്തു പ്രസ്ഥാനം**

ആറ്റിങ്ങൽ പട്ടണത്തിലും അയൽ പ്രദേശങ്ങളിലും സഞ്ചരിച്ച് സുവിശേഷ വിത്തുകൾ വിതച്ചുവെങ്കിലും കാര്യമായ സഭാ വളർച്ച അക്കാലത്തുണ്ടായില്ല. സത്യനമസ്ക്കാരികളുടെ ഒരുവലിയ കൂട്ടത്തെ വിശ്വാസത്താൽ കണ്ട വല്യപ്പച്ചൻ 1974–ൽ കർത്താവിൽ നിദ്രപ്രാപിച്ചു.

എന്റെ പിതാവ് പാസ്റ്റർ പി. ജെ. ഹെൻട്രി ഇതിനകം നിയോഗം ഏറ്റു വാങ്ങി രംഗത്തെത്തിയിരുന്നു. പൈതൃക സ്വത്തായ വലിയ സഭയും സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന അനന്തരാവകാശിയുടെ റോളിലല്ലായിരുന്നു എന്റെ പിതാവ്. വല്യപ്പച്ചൻ വർഷങ്ങളോളം താമസിച്ചത് ചെറിയൊരു വാടകവീട്ടിലായിരുന്നു. വിശ്വാസികളാകട്ടെ കുറെ ദരിദ്രനാരായണന്മാരും. ഇല്ലായ്മകളും കഷ്ടപ്പാടുകളുമായിരുന്നു അപ്പോൾ ലഭിച്ചു സ്വത്തവകാശം. ഏറെ ദുരിതങ്ങളുടെ നടുവിലേക്കായിരുന്നു എന്റെ പിതാവ് ഞങ്ങൾ അഞ്ച് മക്കളെയുംകൊണ്ട് ആറ്റിങ്ങലിൽ എത്തിയത്.

പൂർണ്ണസമയ സുവിശേഷ വേലയ്ക്കിറങ്ങും മുമ്പ് എന്റപ്പൻ നല്ലൊരു ബിസിനസ്കാരനായിരുന്നു. ധാരാളം പണമുണ്ടാക്കി. കച്ചവടം കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ പിതാവ് നോട്ടുകളും നാണയങ്ങളും തരംതരം അടുക്കിവെയ്ക്കുന്നത് ബാല്യത്തിൽ ഞാൻ കണ്ടിട്ടുണ്ട്. സുവിശേഷ വേലയ്ക്കുവേണ്ടി കയ്യ്മെയ്യ് സഹായിച്ചു. തന്റെ സമ്പാദ്യത്തിൽ നിന്നും കുറച്ച് ഭൂമി നൽകി മംഗലാപുരത്ത് സഭയ്ക്ക് ഷെഡ് പണിതു. പിന്നിൽ നിന്നും പിന്തുണ നൽകി സുവിശേഷ വേല ചെയ്യുവാനായിരുന്നു. പിതാവിന്റെ പ്ലാൻ. പക്ഷെ ദൈവോദ്ദേശം അതല്ലായിരുന്നു. ഒടുവിൽ സകലവും വിട്ട് കർത്താവിനെ പിൻപറ്റി. കഷ്ടപ്പാടുകൾ ഓരോന്നായി പിന്നാലെ കൂടി. സഭാ ശുശ്രൂഷകൾ ആദ്യം ചെങ്കോട്ടുകോണം സഭയിലായിരുന്നു. വരുമാനം തീരെ ഇല്ലായിരുന്നു.ഒരു ദിവസം കാണിക്കയായി ലഭിച്ച കാൽ കാശുമായി ഏഴെട്ടുകിലോമീറ്റർ വിശന്ന് നടന്നു വീട്ടിലെത്തി. കാശ് ഞങ്ങളുടെ അമ്മയെ ഏല്പിച്ചു. അന്നത്തെ വീട്ട് ചെലവിന് വക അതായിരുന്നു.

ആറ്റിങ്ങലിൽ വല്യപ്പച്ചൻ ബാക്കിവച്ചത് ഞങ്ങളുടെ പിതാവ് തുടർന്നു. പഴയ ബിസിനസ്കാരനായ അപ്പൻ കഠിനാദ്ധ്വാനിയായിരുന്നു. സുവിശേഷ വേലയിലും അത് പ്രാവർത്തികമാക്കി. ചിറയിൻകീഴ്,കടയ്ക്കാവൂർ,അഞ്ച്തെങ്ങ്, വർക്കല, നഗരൂർ, കിളിമാനൂർ മുതലായ സമീപ സ്ഥലങ്ങളിലും കടന്നു ചെന്നു സുവിശേഷമറിയിച്ചു. പലപ്പോഴും ഒഴിഞ്ഞവയറുമായി ഒറ്റയ്ക്കായിരുന്നു യാത്രകൾ. ഒരു ദിവസം പതിവുപോലെ കളിമാനൂർ ഭാഗത്തേയ്ക്കു നടന്നു. നഗരൂർ എത്തിയപ്പോഴ് തളർന്നു ക്ഷീണിച്ചു. ഒരു ചായയ്ക്കുപോലും കയ്യിൽ കാശില്ല. പിന്നെ തിരികെ നടന്നു. നടക്കാൻ കെല്പില്ലായിരുന്നു. പക്ഷെ എത്രയും വേഗം വീട്ടിലെത്തി. ഒരു ക്ഷീണവുമറിയാതെ പിന്നിട്ട വഴികളെ ഓർക്കാൻ കഴിഞ്ഞില്ല. അതൊരു മർമ്മം! എങ്കിലും കർത്താവിന്റെ ആത്മാവ് ഫിലിപ്പോസിനെ എടുത്തുകൊണ്ടുപോയ സംഗതി സൂചനയായി പറഞ്ഞു.(സമാനമായ അനുഭവം ജോ. ജോർജ്ജ് ശാസ്ത്രി, പാസ്റ്റർ സി.കെ. ദാനിയേൽ എന്നിവർ പങ്കുവച്ചിട്ടുണ്ട്).

ചില വർഷങ്ങൾ ആറ്റിങ്ങലിൽ പ്രവർത്തിച്ചശേഷം മംഗലപുരത്തേയ്ക്ക് ഞങ്ങളുടെ കുടുംബം മടങ്ങി. അവിടെ പിതാവ് വീണ്ടും ശക്തമായ പ്രവർത്തനങ്ങൾ നടത്തി. ദേശത്തിന് നെടുകയും കുറുകയും സഞ്ചരിച്ചു. ഓരോ അയൽ നാടിന്റെയും പേരു പറഞ്ഞു കണ്ണീരൊഴുക്കി. മദ്ധ്യസ്ഥത ചെയ്തു. ഇന്നവിടെയെല്ലാം സഭകളായി. ആട്ടിയോടിക്കപ്പെട്ട നാടിന് പെന്തക്കോസ്തിന് ആസ്ഥാനമായി(ഐ. പി.സി. ആറ്റിങ്ങൽ സെന്റർ) കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുമുമ്പ് 82–ാം വയസ്സിൽ ഞങ്ങളുടെ പിതാവ് പാസ്റ്റർ വി. ജെ. ഹെൻട്രി കർത്താവിൽ നിദ്രപ്രാപിച്ചത് വളരെ കൃതജ്ഞതയോടും പ്രത്യാശയോടുമായിരുന്നു.ഒന്നാമത് ദേശത്തുനിന്നും വളരെയധികം ആത്മാക്കൾ ഉണ്ടാകണമെന്നും സഭകൾ ഉടലെടുക്കണമെന്നും പ്രാർത്ഥിച്ചു. അങ്ങനെ സംഭവിച്ചു. മംഗലപുരത്ത് നടക്കാറുള്ള ആത്മീക സമ്മേളനങ്ങളിൽ അയൽ നാടുകളിൽനിന്നും പങ്കെടുക്കാറുള്ള ജനക്കൂട്ടത്തെ നോക്കി പിതാവ് സംതൃപ്തിയോടെ ദൈവത്തെ സ്തുതിച്ചു. മറ്റൊന്ന്, ഞങ്ങൾ നാല് ആൺമക്കളും കർത്താവിന്റെ വേലക്കാരായി മാറണമെന്നും പ്രാർത്ഥിച്ചു. അതും സംഭവിച്ചു. മൂന്നാം തലമുറയും ക്രിസ്തുവിന്റെ ക്രൂശുവാഹികളായത് ദൈവകൃപമാത്രം.

ഞങ്ങളുടെ പിതാമഹന്മാർ സഭാധികാരത്തിന്റെ നാലയലത്തുപോലുംപോയില്ല. അഥവാ അടുപ്പിച്ചിരുന്നില്ല. അധാകാരഭ്രമം വളരെ ചുരുക്കം ചിലർക്കേ അക്കാലത്ത് ബാധിച്ചിരുന്നുള്ളു. മംഗലപുരം ഭാഗത്തെ സഭകളെ ഭരിക്കാൻ കാലാകാലങ്ങളിൽ കുമ്പനാട്ടുനിന്നും നിയോഗിച്ച സെന്റർ ശുശ്രൂഷകന്മാരെ സസന്തോഷം സ്വീകരിച്ചുവന്നു. ഒടുവിൽ ഞങ്ങളുടെ മൂന്നാം തലമുറയിൽ ഒരു ചരിത്ര സംഭവം നടന്നു. നാട്ടുകാരനായ ഒരു മൂന്നാം തലമുറക്കാരൻ (പാസ്റ്റർ അഗസ്റ്റിൻ ഹെൻട്രി) സെന്ററിന്റെ ചുമതലക്കാരനായി(അഥവാ സെന്റർ പാസ്റ്ററായി) ഇതിനും ചില അട്ടിമറി ശ്രമങ്ങൾ നടന്നു. പക്ഷെ ദൈവം ചരിത്രത്തിന്റെ ഭാഗത്തായിരുന്നു.

പെന്തക്കോസ്തിലെ മൂന്നാം തലമുറക്കാരനായ ഞാൻ ഞങ്ങളുടെ കുടുംബപുരാണത്തിലെ അല്പം കാര്യങ്ങൾ എഴുതേണ്ടി വന്നത് കേരളത്തിലെ പെന്തക്കോസ്തു മുന്നേറ്റത്തിന്റെ ഒരു പരിച്ഛേദം തുറന്നുകാട്ടാൻ വേണ്ടി മാത്രമാണ്. ഓരോ ദേശത്തും നിയോഗം ലഭിച്ച് ദൗത്യവാഹകരായി മാറിയവർ നെഞ്ചും നീരും നൽകി വളർത്തിയതാണ് കേരളത്തിലെ പെന്തക്കോസ്തു പ്രസ്ഥാനം അദ്ധ്വാനിച്ചവരെല്ലാം വലിപ്പ ചെറുപ്പം കൂടാതെ കൂട്ടവകാശികളാണ്.ഏതെങ്കിലും കേന്ദ്രങ്ങളിലേക്കു അവകാശങ്ങൾ ഒഴികിപ്പോയിട്ടുണ്ടെങ്കിൽ അത് ഹൈജാക്കിംഗാണ്. ചരിത്രത്തിന്റെ മിടുക്കന്മാർ ചെയ്തിട്ടുള്ളതും അതാണ്. എന്നാൽ അന്ത്യനാളിൽ പ്രതിഫലം ലഭിക്കുന്നത് മിടുക്കന്മാർക്കല്ല,വിശ്വസ്തന്മാർക്കാണ്.

(തുടരും)

ജേണൽ

Vol. 2 Issue: 17 2009 September 10




# കാലേബ് – ദൈവത്തോട് പൂർണ്ണമായി പറ്റിനിന്നവൻ



പാസ്റ്റർ വി. പി. ജോസ്

കാദേശ് ബർന്നയിലെത്തിച്ചേർന്ന യിസ്രായേൽ ജനം കനാൻ ദേശം ഒറ്റുനോക്കുവാൻ 12 ഗോത്രങ്ങളിൽ നിന്നും ഓരോരുത്തരെ വീതം തെരഞ്ഞെടുക്കുകയുണ്ടായി. അവരിൽ യഹൂദാഗോത്രത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രഭുവായിരുന്നു യഫുന്നയുടെ മകൻ കാലേബ്. സംഖ്യ 13:6– ലാണ് നാം അദ്ദേഹത്തെ ആദ്യമായി കാണുന്നത്. പിന്നീട് പഴയനിയമത്തിൽത്തന്നെ 31 പ്രാവശ്യം കൂടെ തന്നേക്കുറിച്ച് പരാമർശിച്ചിട്ടുള്ളതായി കാണാം. ദൈവജനത്തിന് നേതൃത്വം കൊടുക്കുവാൻ കാലാകാലങ്ങളിൽ ദൈവം നിയോഗിച്ചിട്ടുള്ള ശ്രേഷ്ഠമാരെല്ലാവരും ജീവിതത്തിൽ പ്രത്യേക സ്വഭാവ വൈശിഷ്ട്യം ഉള്ളവരായിരുന്നു. ഹാനോക്ക് ദൈവത്തോട് കൂടെ നടന്നവനായിരുന്നു. അബ്രഹാം വിശ്വാസികളുടെ പിതാവായിരുന്നു. മോശെ ഭൂതലത്തിലുള്ള സകലമനുഷ്യരിലും വെച്ച് അതിസൗമ്യനായിരുന്നു. ദാവീദ് ദൈവത്തിന്റെ ഹൃദയപ്രകാരം ഉള്ളവനായിരുന്നു. ദാനിയേൽ ഏറ്റം പ്രീയ പുരുഷനായിരുന്നു. കാലേബ് ദൈവത്തോട് പൂർണ്ണമായി പറ്റി നിന്നവൻ ആയിരുന്നു. അങ്ങനെയെങ്കിൽ ഇത് വായിക്കുന്ന ഓരോരുത്തരെക്കുറിച്ചും ദൈവം പറയുന്ന സാക്ഷ്യം എന്തായിരിക്കുമെന്ന് ചിന്തിക്കുവാൻ അല്പസമയം ചെലവഴിക്കുന്നത് നല്ലതായിരിക്കും.

കനാൻ നാട് സ്വർഗ്ഗത്തിന്റെ പ്രതിരൂപമല്ല. കനാനിൽ യുദ്ധങ്ങളുണ്ടായിരുന്നു. സ്വർഗ്ഗം യുദ്ധങ്ങളുടേയും കീഴടക്കലുകളുടേയും സ്ഥലമല്ല. കനാൻ ദൈവമക്കളുടെ ആത്മീയാനുഗ്രഹങ്ങളെയാണ് കുറിക്കുന്നത്. ആത്മീയ ജീവിതം പോരാട്ടങ്ങൾ നിറഞ്ഞതാണ്. ആത്മീയ നന്മകൾ ജഡത്തിന്റെ ശക്തികൊണ്ട് നേടിയെടുക്കാവുന്നവയല്ല. അതിന് എഫേസ്യർ 6 –ാം അദ്ധ്യായത്തിലെ ആത്മീയായുധങ്ങൾ ധരിച്ചേമതിയാകൂ! കനാൻ ദേശം ഒറ്റുനോക്കുവാൻ പോയ ജനത്തിന്റെ പരാജയകാരണങ്ങൾ ആത്മീയ യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ഏതൊരു ദൈവപൈതലിനും ഉള്ള മുന്നറിയിപ്പുകളാണ്. ഒന്നാമതായി, ഒറ്റുനോക്കുവാൻ പോയ 10 പേരും ദൈവവചനത്തെ സംശയിക്കുന്നവരായിരുന്നു. അബ്രഹാമിന്റെ സന്തതിയ്ക്ക് ദൈവം മുന്നമേ വാഗ്ദാനം നൽകിയ ദേശമായിരുന്നു ഇത്. ഉല്പ.12:7, 13:15, 17:8, 28: 13, 35:12 മോശെയിൽ കൂടി ദൈവം തന്റെ വാഗ്ദാനം വീണ്ടും ഉറപ്പിക്കുന്നതായി കാണാം. പുറ: 3:8; 6:4;13:5;33:1, 40 ദിവസങ്ങൾ കൊണ്ട് 500– മൈലിലധികം അവർ യാത്രചെയ്തെങ്കിലും ദൈവം നേരത്തെ പറഞ്ഞതല്ലാതെ പുതുതായി ഒന്നും കണ്ടെത്തുവാൻ അവർക്ക് കഴിഞ്ഞില്ല. ദേശം എങ്ങനെയുള്ളതെന്നും (പുറ. 3:8,17) അവിടെ അധിവസിക്കുന്ന ജാതികൾ ആരെല്ലാമെന്നും (ഉല്പ, 15:18 –21) ദൈവം അവരെ നേരത്തെ അറിയിച്ചിരുന്നു, വചനത്തിന്റെ തെറ്റികൂട്ടായ്മ നേരിൽ കണ്ട് മനസ്സിലാക്കിയിട്ടും അവ പൂർണ്ണമായി വിശ്വാസിക്കുന്നതിൽ അവർ പരാജയപ്പെട്ടു. ഒറ്റു നോക്കിയവർ ഹെബ്രോനിലും ചെന്നതായി പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. അബ്രഹാം, യിസ്ഹാക്ക്, യാക്കോബ്, യോസേഫ് തുടങ്ങിയ പിതാക്കന്മാരുടെ കല്ലറകൾ നേരിൽക്കാണാൻ ഭാഗ്യമുണ്ടായിട്ടും ആ അനുഗ്രഹീത ദൈവഭക്തന്മാരുടെ വിശ്വാസം പിന്തുടരുവാൻ 10 പേർക്കും സാധിക്കാതെ പോയി.

ദൈവം അവർക്ക് വിജയം ഉറപ്പുകൊടുത്തിരുന്നതാണ്. ഭയപ്പെടാതെ മുമ്പോട്ട് കടന്ന് ചെന്ന് വിശ്വാസത്താൽ ദേശം അവകാശമാക്കുകയേ അവർ ചെയ്യേണ്ടിയിരുന്നുള്ളൂ. ആവ 1:21 ദേശം ഒറ്റു നോക്കുവാൻ ആലോചിക്കുന്നത് തന്നെ ദൈവീക വാഗ്ദത്തങ്ങളെ അവർ അവിശ്വസിച്ചതുകൊണ്ടാണ്. സംഖ്യ 13 –വായിച്ചാൽ ദേശം ഒറ്റുനോക്കുവാൻ ദൈവം കൊടുത്ത കല്പന അവർ അനുസരിക്കുക മാത്രമാണ് ചെയ്തതെന്ന് ചിന്തിക്കുവാനിടയുണ്ട്. എന്നാൽ അതിന്റെ വിശദമായ ചരിത്രം ആവ, 1: 22 –മുതലുള്ള വാക്യങ്ങളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജനങ്ങൾ മോശെക്ക് നൽകിയ ബുദ്ധിയുടെ ആലോചനയ്ക്ക്മോശെ സമ്മതം മൂളുകയും പിന്നീട് ദൈവത്തിൽ നിന്നും അനുവാദം നേടിയെടുക്കുകയുമാണുണ്ടായത്. (സംഖ്യ 13:1–3) വിശ്വാസത്താൽ നടക്കേണ്ടിയിരുന്ന ജനം കാഴ്ചയാൽ നടക്കുവാൻ തീരുമാനിച്ചപ്പോൾ അവരെ ഒരു പാഠം പഠിപ്പിക്കുവാൻ ദൈവവും തീരുമാനിച്ചു. ദൈവഹിതമല്ലാത്ത കാര്യങ്ങളിൽ നമ്മുടെ നിർബന്ധത്താൽ ദൈവം അനുവാദം നൽകിയാലും അന്ത്യം അനുഗ്രഹകരമായിരിക്കണമെന്നില്ല. ദൈവത്തിന് തന്റെ മക്കളെക്കുറിച്ച് വ്യക്തമായ പദ്ധതിയുണ്ട്. അതിന് ജീവിതം സർവ്വാത്മനാ കീഴ്പ്പെടുത്തിക്കൊടുക്കുന്നതാണ് ഉത്തമം. 40 ദിവസത്തെ ഒറ്റുനോട്ടം 40 വർഷത്തെ ഉഴൽച്ചക്ക് കാരണമായി ഭവിച്ചു. ദൈവവചനത്തിലുള്ള അവിശ്വാസം ആത്മീയ യാത്രയിലെ ഉഴൽച്ചകൾക്ക് നിമിത്തമായിത്തീരും എന്നുള്ള സത്യം നമുക്കൊരു മുന്നറിയിപ്പായിരിക്കട്ടെ.

> **ആത്മീയ യുദ്ധഭൂമിയിൽ വിജയത്തിന് എന്തു വിലയും കൊടുക്കുവാൻ തയ്യാറുള്ള ഉത്തമ വിശ്വാസിയുടെ പ്രതിനിധിയാണ് കാലേബ്, അവൻ പൂർണ്ണമായി ദൈവത്തോട് പറ്റിനിന്നു എന്ന് പഴയനിയമത്തിൽ മാത്രം 6 പ്രാവശ്യം ദിവ്യ ലിഖിതാവ് രേഖപ്പെടുത്തിയിട്ടുണ്ട്**

യിസ്രായേലിന്റെ പരാജയത്തിന്റെ രണ്ടാമത്തെ കാരണം അവരുടെ ഭീരുത്വം ആയിരുന്നതായി സംഖ്യ 13:27– 33 വരെ വേദഭാഗങ്ങൾ തെളിയിക്കുന്നു. അവരുടെ അവിശ്വാസം അവരെ ഭീരുത്വത്തിലേക്ക് നയിച്ചു. അനാക്യമല്ലന്മാരേയും ഉയർന്ന മതിലുകളേയും അവർ ഭയപ്പെട്ടു, നിങ്ങൾ അവരെ ഭയപ്പെടരുതെന്ന് ദൈവം മുൻകൂട്ടി അറിയിച്ചിരുന്നെങ്കിലും 10 പേരുടെ അധൈര്യം പാളയം മുഴുവനും പകരപ്പെടാനിടയായി. നാം ഭയപ്പെടുമ്പോൾ നമ്മുടെ വിഷയങ്ങൾ യഥാർത്ഥത്തിലുള്ളതിനേക്കാൾ വലുതായി തോന്നും. യഹോവയിൽ ധൈര്യപ്പെട്ട ദാവീദിന് മല്ലനായ ഗോല്യാത്ത് ചെറുതായും യിസ്രായേലിന്റെ ദൈവം വലുതായും തോന്നി. ജനം ഫറവോനെ വലുതായി കണ്ടപ്പോൾ മോശെ അദൃശ്യദൈവക്കെ വലുതായി കണ്ടു. ഭയവും ഭീരുത്വവുമുള്ള 32000 പേർ ശത്രുവിനെ വലുതായി കണ്ടപ്പോൾ ധൈര്യശാലികളായ 300 പേർ സൈന്യങ്ങളുടെ യഹോവയെ വലുതായി കണ്ടു, ജനം അനാക്യമല്ലന്മാരെ വലിയവരായികണ്ടപ്പോൾ യോശുവായും കാലേബും യുദ്ധവീരനായ യഹോവയെ വലിയവനായികണ്ടു. നമ്മളിലൂള്ള വൻ ലോകത്തിലുള്ളവനേക്കാൾ വലിയവനെന്ന് കാണാൻ സാധിക്കുന്നവരാണ് ദൈവദൃഷ്ടിയിൽ ധൈര്യശാലികൾ. അവരാണ് സിയോൻ യാത്രയിലെ ജേതാക്കളും!

മൂന്നാമതായി, അവരുടെ പിറുപിറുപ്പ് അവർക്ക് പരാജയകാരണമായിത്തീർന്നു. സംഖ്യ 14:1–4 യിസ്രായേൽ ജനത്തിന്റെ ചരിത്രം പഠിച്ചാൽ ദൈവത്തിനും നേതൃത്വത്തിനും എതിരെ പിറുപിറുക്കുന്ന സ്വഭാവം അവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നതായി കാണാം. ഫറവോനും സൈന്യവും പിന്നാലെ വരുന്നത് കണ്ടപ്പോൾ പിറുപിറുപ്പാരംഭിച്ചതാണ്. പുറ 14:10–14 ശൂർ മരുഭൂമിയിൽ വെള്ളത്തിനായി പിറുപിറുത്തു. പുറ 15: 22–27 മിസ്രയീമിലെ ഭക്ഷണത്തെ ഓർത്തപ്പോൾ പിറുപിറത്തു. പുറ. 16:3 രെഫീദീമിൽ പിറുപിറുത്ത ജനം മോശെയെ കല്ലെറിയാൻ ഭാവിച്ചു. പുറ 17:1–7.തബേരായിൽ പിറുപിറുപ്പ് മൂലം ചിലർ അഗ്നിയിൽ ചാമ്പലായി. സംഖ്യ 11:1–3. വിസ്താരഭയത്താൽ ചുരുക്കട്ടെ! നന്ദിയില്ലായ്മയാണ് പിറുപിറുപ്പിന് മൂലകാരണം. ദൈവഹിതത്തിന് കീഴ്പ്പെട്ട് ജീവിക്കുന്ന ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ പിറുപിറുപ്പുണ്ടാകയില്ല. വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ – എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്താൽ (ഫിലി. 2:14) സ്വർഗ്ഗീയ സീയോനിലേക്കുള്ള യാത്ര സുഗമമായിരിക്കും. 1 കൊരി 10:6– 11വരെ. യിസ്രായേലിന്റെ പരാജയകാരണങ്ങൾ വിശദീകരിച്ചിട്ടുള്ളത് ശ്രദ്ധിച്ചാൽ അവ നമ്മുടെ ജീവിതത്തിൽ ആവർത്തിക്കാതിരിക്കാം.

ആത്മീയ യുദ്ധഭൂമിയിൽ വിജയത്തിന് എന്തു വിലയും കൊടുക്കുവാൻ തയ്യാറുള്ള ഉത്തമ വിശ്വാസിയുടെ പ്രതിനിധിയാണ് കാലേബ്, അവൻ പൂർണ്ണമായി ദൈവത്തോട് പറ്റിനിന്നു എന്ന് പഴയനിയമത്തിൽ മാത്രം 6 പ്രാവശ്യം ദിവ്യ ലിഖിതാവ് രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങകലെ തന്റെ ഇരയെ കണ്ടെത്തിയ വേട്ടക്കാരൻ അവർ തമ്മിലുള്ള അകലം കുറച്ച് കുറച്ച് തൊട്ടടുത്ത് എത്തിപ്പെടുന്ന അവസ്ഥയാണ് മൂലഭാഷാപദം അർത്ഥമാക്കുന്നത്. പത്രോസ് അകലം വിട്ട് കർത്താവിനെ പിന്തുടർന്നത് തള്ളിപ്പറയലിൽ അവസാനിച്ചു. കാലേബും ദൈവവും തമ്മിൽ ഒട്ടും അകലം പാലിക്കാതിരുന്നത് അവന്റെ കനാൻ പ്രവേശത്തിന് വഴി

ശേഷം പേജ്: 10

## ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ ഭാരവാഹികൾ



പാ. ജെയിംസ് പുന്നോലിൽ
വൈസ് പ്രസിഡന്റ്



ബ്രദർ. രാജൻ ആര്യപ്പള്ളിൽ
ജോയിന്റ് സെക്രട്ടറി



പാ. ഡാനിയേൽ തോമസ്
ജോയിന്റ് സെക്രട്ടറി



പാ. പി. എ. കുര്യൻ
ജന.കൗൺസിൽ മെംബർ



പാ. എം. എ. ജോർജ്ജ്
ജന.കൗൺസിൽ മെംബർ

# ഗിദയോൻ 100 വയസ്സ് പിന്നിട്ടു

ഗിദയോൻ ഇന്റർനാഷണലിന് 100 വയസ്സ് തികഞ്ഞു. 1899–ൽ അമേരിക്കയിലെ വിസ്കോൻസിൻ സ്റ്റേറ്റിലെ ബോസ്കൊബലിൽ ആണ് ഗിദയോൻ ഇന്റർനാഷണൽ പ്രസ്ഥാനം ആരംഭിച്ചത്. പ്രസ്ഥാനത്തിന്റെ ലക്ഷ്യമായ ബൈബിൾ വിതരണം ആരംഭിച്ചത്. 1908 ലാണ്. ഹോട്ടൽ മുറികളിൽ താമസിക്കുന്നവർക്ക് വിശ്രമവേളകളിൽ വായിക്കുവാൻ ദൈവവചനം ലഭ്യമാക്കുക എന്നതായിരുന്നു പ്രഥമ ലക്ഷ്യം. തുടർന്ന് സ്ക്കൂൾ, ആശുപത്രി, പട്ടാളക്യാമ്പുകൾ എന്നിവിടങ്ങളിലും വിതരണം വ്യാപിപ്പിച്ചു. 80 ലേറെ ഭാഷകളിൽ 180 രാജ്യങ്ങളിൽ ഇവർ ബൈബിൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

# ഐ.പി.സി. സൗത്ത് ഈസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ സമാപിച്ചു



റവ. ജോൺ തോമസ് കർത്തൃമേശ ശുശ്രൂഷ നിർവ്വഹിക്കുന്നു

അഗസ്റ്റാ: ഐ. പി. സി. നോർത്തമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ 9-ാമത് വാർഷിക കൺവൻഷൻ സെപ്റ്റംബർ 4 -6 വരെ ജോർജ്ജിയ സംസ്ഥാനത്തിലുള്ള അഗസ്റ്റ പട്ടണത്തിലെ ന്യൂഹോപ്പ് വർഷിപ്പ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് ആരംഭിച്ച സമ്മേളനം റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ് ഉദ്ഘാടനം ചെയ്തു. ശനിയാഴ്ച പകൽ നടന്ന ജനറൽ ബോഡി മീറ്റിംഗിൽ അടുത്ത മൂന്നു വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ കെ. സി. ജോൺ (സൗത്ത് ഫ്ളോറിഡ) പ്രസിഡന്റ്, പാസ്റ്റർ ജെയിംസ് ഏബ്രഹാം പുന്നോലിൽ (വൈസ് പ്രസിഡന്റ്), പാസ്റ്റർ ജോൺ ശാമുവേൽ (സെക്രട്ടറി), പാസ്റ്റർ ഡാനിയേൽ തോമസ്, ബ്രദർ രാജൻ ആര്യപ്പള്ളിൽ ജോയിന്റ് സെക്രട്ടറി, സ്റ്റീഫൻ ചാക്കോ (ട്രഷറാർ) പാസ്റ്റർ പി. എ. കുര്യൻ, ബ്രദർ എം. എ. ജോർജ്ജ് (ജനറൽ കൗൺസിൽ അംഗം), ബ്രദർ അലക്സാണ്ടർ ജോർജ്ജ് (ഓഡിറ്റർ), സ്റ്റാൻലി ജോസഫ് (സൺഡേസ്കൂൾ ഡയറക്ടർ), സജി കുര്യൻ (പി. വൈ.പി. എ. പ്രസിഡന്റ്) സാം ഏബ്രഹാം (പി. വൈ. പി. എ. വൈസ് പ്രസിഡന്റ്), സ്റ്റീഫൻ ജോർജ്ജ് (പി. വൈ. പി. എ. സെക്രട്ടറി), സാങ്ങ്ളി ജോർജ്ജ് (പി. വൈ. പി. എ. ജോയിന്റ് സെക്രട്ടറി), ഷാൺ ജോർജ്ജ് (പി. വൈ. പി. എ. ട്രഷറാർ) സോദരി സമാജം കൊച്ചുമോൾ ജെയിംസ് (പ്രസിഡന്റ്), മേരിക്കുട്ടി അലക്സാണ്ടർ (സെക്രട്ടറി), ഷെറിൻ വർഗീസ് (ട്രഷറാർ), മേരി തോമസ് (വൈസ് പ്രസിഡന്റ്), ശോശാമ്മ തോമസ് (ജോയിന്റ് സെക്രട്ടറി)

## ഡാളസിൽ പുതുതായി ബൈബിൾ ക്ലാസ്സുകളാരംഭിച്ചു

ബെന്നി കൊടിഞ്ഞൂർ

ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ ഗോസ്പൽ മിനിസ്ട്രി നടത്തി വരുന്ന ക്രിസ്ത്യൻ ഫെലോഷിപ്പ് ഇന്റർനാഷണലിന്റെ ആഭിമുഖ്യത്തിൽ ഡാളസിൽ ബൈബിൾ സ്കൂൾ ആരംഭിച്ചു. മിഷൻ ചെയർമാൻ പാസ്റ്റർ തോമസ് കുരുവിള പ്രാർത്ഥനയോടെ ബൈബിൾ ക്ലാസ്സ് ഉദ്ഘാടനം ചെയ്തു.

ക്രിസ്തുയേശുവിന്റെ വേലയ്ക്കു ചുമലുകൊടുക്കുന്നതും അതിൽ പങ്കാളികളാകുന്നതും ഏതു ക്രിസ്ത്യാനിയുടെയും കടമയാണെന്നും അത് നമുക്കും തലമുറയ്ക്കും അനുഗ്രഹമാണെന്നും അദ്ദേഹം പറഞ്ഞു. ഒക്കലഹോമയിൽ നിന്നും മിഷന്റെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. ഡാളസിലെ ബൈബിൾ ക്ലാസ്സ് നടത്തുന്നതിനായി പാസ്റ്റർ സണ്ണി കുര്യാക്കോസിനെ മിഷൻ ചുമതലപ്പെടുത്തി.



## ദൈവസഭാ എഴുത്തുകാരുടെ അന്തർദേശീയ സംഘടന രൂപികരിച്ചു

പാസ്റ്റർ പി. പി. കുര്യൻ അറ്റ്ലാന്റാ

പതിനാലാമത് നോർത്താമേരിക്കൻ ചർച്ച് ഓഫ് ഗോഡ് (ഇന്ത്യാ) ഫെലോഷിപ്പിന്റെ സമ്മേളനത്തോടു ചേർന്നു ദൈവസഭയിലെ എഴുത്തുകാരെ ഒന്നിച്ചു കൂട്ടി പുതിയ സംഘടനക്കു രൂപം നൽകി. കാനം അച്ചൻ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുകയും പുതിയ സംഘടനക്കു വേണ്ട ഒത്താശകൾ നൽകുകയും ചെയ്തു. ചർച്ച് ഓഫ് ഗോഡ് (ഇന്ത്യാ) ഇന്റർനാഷണൽ റൈറ്റേഴ്സ് ഫെലോഷിപ്പ് എന്ന പേരിൽ ഫിലദൽഫിയായിൽ വെച്ച് സംഘടന രൂപീകരിച്ചു. ദൈവസഭകളുടെ ആഗോള വ്യാപകമായി പ്രവർത്തിക്കുന്ന എല്ലാ സഭകളുടെയും ഉൾപ്പെടുത്തി ഈ ഫെലോഷിപ്പ് മുന്നോട്ടു കൊണ്ടുപോകുവാനാണ് സംഘാടകർ താൽപര്യപ്പെടുന്നത്. അമേരിക്കയിലെ പ്രവർത്തനത്തിന് വേണ്ടി തിരഞ്ഞെടുക്കപ്പെട്ടവർ ബ്രദർ റോയി മേപ്രാൽ (ജോസഫ് ഉമ്മൻ), പ്രസിഡന്റ് ബ്രദർ ഫിനോയി ജോൺസൺ, സെക്രട്ടറി. സിസ്റ്റർ ജോളി ജോസഫ് ജോ. സെക്രട്ടറി, സിസ്റ്റർ സൂസൻ ബി.ജോൺ ട്രഷറാർ, ഇവാ. കാനം അച്ചൻ രക്ഷാധികാരി. ഈ സംഘടനയുടെ മുഖപത്രമായി ഗോസ്പൽ എക്കോസ് എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ഇറക്കുവാനും തീരുമാനിച്ചു. അതിന്റെ ചീഫ് എഡിറ്ററായി പാസ്റ്റർ ജോൺസൺ സഖറിയായും, സർക്കുലേഷൻ മാനേജർ ആയി പാസ്റ്റർ ഫിലിപ്പ് തോമസ്സും പ്രവർത്തിക്കും. ഇന്റർനാഷണൽ ജനറൽ കോർഡിനേറ്ററായി പാസ്റ്റർ പി. പി,കുര്യൻ പ്രവർത്തിക്കും. കൂടാതെ എഡിറ്റോറിയൽ ബോർഡ്, അഡൈ്വസറി കമ്മറ്റി, സബ് എഡിറ്റേഴ്സ് എന്നീ നിലകളിൽ വിവിധ സ്ഥലങ്ങളിലുള്ളവരെ ഉൾപ്പെടുത്തി സംഘടന വിപുലപ്പെടുത്തുവാൻ തീരുമാനിച്ചു.

### ധ്യാനം

## തലയുയർത്തുക വിളഞ്ഞ വയൽകാണുക



റവ. സാം ജോർജ്ജ്

ക്രിസ്തുവിന്റെ സാക്ഷിയാകുക എന്നതാണ് നമ്മുടെ പ്രധാന ദൗത്യം. അതിന്റെ ഭാഗമായി ലോകമെങ്ങും സുവിശേഷത്തിന്റെ വക്താക്കളായി നാം മാറണം.

"ആകയാൽ നിങ്ങൾ പുറപ്പെട്ട് സകലജാതികളെയും ശഷ്യരാക്കി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു....ഉപദേശിച്ചുകൊൾവീൻ. (മത്തായി 28:19, 20) ലോകത്തിന്റെ മുമ്പിൽ സുവിശേഷ പ്രഘോഷണത്തിനായിട്ടാണ് കർത്താവ് ശിഷ്യന്മാരെ അയയ്ക്കുന്നത്. ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടിനെ എന്നതുപോലെ അവൻ അവരെ അയച്ചു.

പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കുന്ന ഇടങ്ങളിൽ ശിഷ്യരെ അയയ്ക്കുന്ന ഗുരുനാഥന്റെ വാഗ്ദത്തം ഞാൻ ലോകാവസാനത്തോളം നിങ്ങളോടു കൂടെയുണ്ട് എന്നുള്ളതാണ്.

സുവിശേഷീകരണം എന്നത് ശുശ്രൂഷകന്റെ മാത്രം കർത്തവ്യമല്ല. രക്ഷിക്കപ്പെട്ട ഓരോ വിശ്വാസിയും സുവിശേഷത്തിന്റെ വക്താക്കളായി മാറണം. ദൈവം വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനെ നമുക്ക് നൽകിയതിന്റെ പ്രധാന ഉദ്ദേശവും ക്രിസ്തുവിന്റെ സാക്ഷികളാകുവാനാണ്. (അപ്പോ.പ്രവൃത്തി 1:8) ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ സാധിക്കാതെ വരികയും അപ്പോൾ തന്നെ പരിശുദ്ധാത്മശക്തിയുണ്ടെന്ന് അവകാശപ്പെടുകയും ചെയ്യുന്നവർ തെറ്റായ പാതയിലാണ് യാത്ര ചെയ്യുന്നത്.

നശിച്ചുപോകുന്ന ജനത്തെക്കുറിച്ച് അയ്യോഭാവം നമുക്കുണ്ടാകണം. ഇതിനാവശ്യം നശിക്കുന്ന ജനത്തെക്കുറിച്ച് ആത്മഭാരവും സ്വർഗ്ഗീയ ദർശനവുമാണ്. ഈ ദർശനം പ്രാപിച്ചതിനാലാണ് സുവിശേഷമറിയിക്കാതിരുന്നാൽ എനിക്ക് അയ്യോ കഷ്ടം എന്ന് പൗലോസിന് പറയുവാൻ കഴിഞ്ഞത്.

സുവിശേഷസത്യം ഗ്രഹിക്കാതെ ജനകോടികൾ അവരുടെ പാപങ്ങളിൽ മരിക്കുമ്പോൾ നാം അലസരായിരുന്നാൽ ന്യായവിധിയിൽ നിന്നും തെറ്റിയൊഴിയുവാൻ നമുക്കു കഴിയില്ല.

യോഹന്നാൻ 4:35 ൽ കർത്താവിന്റെ വചനം ശ്രദ്ധിക്കൂ." "നിങ്ങൾ തലപൊക്കി നോക്കിയാൽ കൊയ്ത്തിനായി വയൽ വെളുത്തിരിക്കുന്നത് കാണാം." സ്വർണ്ണവർണ്ണമണിഞ്ഞ് കൊയ്ത്തിനായി ഒരുങ്ങുന്ന പാടങ്ങൾ വിളവെടുപ്പിന്റെ കാലം അതിക്രമിക്കുമ്പോൾ വിളറിവെളുത്ത് നാശത്തിലേക്ക് നിപതിക്കാറുണ്ട്. ലോകവയലിൽ കൊയ്ത്തിന് സമയം അതിക്രമിച്ചിരിക്കുന്നു. നമുക്ക് തലയുയർത്താം ദർശനം പ്രാപിക്കാം ആത്മഭാരമുള്ളവരാകാം. സുവിശേഷത്തിന് സാക്ഷ്യം വഹിക്കാം.

## അരസോണായിൽ ഉണർവ്വ് യോഗം



അരസോണ: മെസാ ഇന്റർനാഷണൽ അസംബ്ലി ഓഫ് ഗോഡ് ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് പാസ്റ്റർ റോയി ചെറിയാന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 7 മുതൽ 9 വരെ ഉണർവ്വ് യോഗം നടത്തപ്പെട്ടു, ഈ ത്രിദിന മീറ്റിംഗുകളിൽ പാസ്റ്റർ ജോർജ്ജ് പി. ചാക്കോ പ്രധാന പ്രസംഗകനായിരുന്നു. എല്ലാ ദിവസവും വൈകിട്ട് 6:30- ന് ആരംഭിച്ച മീറ്റിംഗുകളിൽ കൂടിവന്ന ജനസമൂഹത്തെ ആത്മീയ അനുഭവങ്ങളിലേക്ക് ആനയിക്കുന്ന ദൈവീക സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഹോളിബീറ്റസ്, ജോസ് ജോർജ്ജ് ഗാനങ്ങൾ ആലപിച്ചു.

ബിലീവേഴ്സ് ജേണൽ

വായിക്കൂ! വരിക്കാരാകൂ!

വാർഷിക വരിസംഖ്യ

യു.എസ്.എ. & കാനഡ: $ 30

യു.കെ: £15

ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

ഹാസ്യം

# കുമ്പനാട് നൽകുന്ന ബാക്കി പത്രം

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്തു പ്രസ്ഥാനമായ ഐ. പി. സി,യുടെ ഇലക്ഷൻ വിശേഷങ്ങളറിയാൻ ഹെബ്രോനിലെത്തിയപ്പോൾ സ്ഥലജലവിഭ്രാന്തിയിലായിപ്പോയി, ഏങ്ങും ചിരിക്കുന്ന മുഖം മാത്രം. തോളത്തു തട്ടിക്ഷേമമന്വേഷിക്കുന്ന സ്നേഹമയികളുടെ പ്രകടനത്തിനുമുമ്പിൽ കോരിത്തരിച്ചു നിന്നുപോയി. മാനം കറുത്തിരുണ്ടെങ്കിലും ട്യൂബ്



ലൈറ്റിന്റെ പ്രകാശം എങ്ങും, പ്രകാശത്തിന്റെ ഉറവിടമന്വേഷിക്കുമ്പോൾ CFLന്റെ പ്രകാശം പരത്തുന്ന പല്ലുകൾകാട്ടിച്ചിരിക്കുന്ന സ്ഥാനാർത്ഥികൾ ചുറ്റിനും. പക്ഷേ പല മുഖങ്ങളിലും പവ്വർകട്ട് വന്നതും പെട്ടെന്ന്. ചിരിച്ചമുഖവുമായി കരങ്ങളിൽ അമർത്തിപ്പിടിച്ച് വോട്ടു ചോദിച്ചവരോട് വോട്ടറല്ല എന്നു പറഞ്ഞപ്പോഴേ ഫ്യൂസ് പോയി.

കുമ്പനാട് ജംഗ്ഷൻ മുതൽ റോഡിനിരുപുറവും ലക്ഷ്വറി ബസ്സുകളും വാനുകളും കാറുകളുമായി നൂറുകണക്കിനു വാഹനങ്ങൾ നിരന്നുകിടക്കുന്നത് കണ്ടപ്പോൾ "പെന്തക്കോസ്തിന്റെ" വളർച്ചയോർത്ത് രോമങ്ങൾ എഴുന്നേറ്റ് നിൽപ്പായി. ആയിരക്കണക്കിനു വോട്ടർമാർ വെയിലും മഴയുമേൽക്കാതെ നടപ്പന്തലിനുള്ളിൽ ക്യൂ നിൽക്കുമ്പോൾ എല്ലാവരുടെ കൈയിലും കെട്ടുകണക്കിനു പേപ്പറുകൾ. ഇരുനൂറിലധികം സ്ഥാനാർത്ഥികൾ വോട്ടഭ്യർത്ഥിച്ച് നൽകിയ കാർഡുകളും ബ്രോഷറുകളും പത്രങ്ങളുമാണത്. ഇവയുടെ ഭാരം സഹിക്കവയ്യാതെ കുഴഞ്ഞ കൈകളിൽ നിന്നും താഴെയിട്ട് വോട്ടർമാർ മുമ്പോട്ടു നീങ്ങിയപ്പോൾ പലവർണ്ണങ്ങളിൽ പരവതാനി വിരിച്ചതുപോലെ ഹെബ്രോൻമൈതാനം തിളങ്ങി. ഈ പരവതാനിയിൽ തെളിഞ്ഞുനിന്ന സ്ഥാനാർത്ഥികളുടെ മുഖത്തു ചവിട്ടി നീങ്ങിയപ്പോൾ ചതഞ്ഞരഞ്ഞ മുഖവുമായി കിടന്ന സ്ഥാനാർത്ഥികൾക്കു വോട്ടിനുമുമ്പ് വോട്ടർമാർ നൽകിയ മുന്നറിയിപ്പാണോ എന്നു തോന്നിപ്പോയി.

രാവിലെ പത്തുമണി മുതൽ അഞ്ചുമണിവരെയും വോട്ടർമാർക്കു കൈകൊടുത്തും കുശലം പറഞ്ഞും വോട്ടു ചോദിച്ചും കാത്തുനിന്ന സ്ഥാനാർത്ഥികളുടെ ക്ഷമയും സഹിഷ്ണതയും എവിടെയും പ്രകീർത്തിക്കപ്പെടേണ്ടതാണ്. പത്രങ്ങളിൽ പടം കാണുകയും കൺവൻഷനിൽ ദൂരെ നിന്നു മാത്രം കാണുകയും ചെയ്തിട്ടുള്ള പല പ്രശസ്തരെയും അടുത്തുകാണുവാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തോടെ നിൽക്കുമ്പോൾ ചിലമുഖങ്ങൾ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. മുഖദാവിൽ ഒന്നു കാണുവാൻ അവസരം തേടി ഫോണിൽ വിളിക്കുമ്പോഴെല്ലാം തിരക്കിലാണ് എന്ന് പറഞ്ഞൊഴിയുന്ന ചില തിരക്ക് ശുശ്രൂഷകരെ തിരക്കൊഴിഞ്ഞു കാണുവാൻ കഴിഞ്ഞു. തങ്ങളുടെ സമയം മുഴുവൻ നമ്മുക്കായി സമർപ്പിച്ച് നിൽക്കുന്ന ഇവരെക്കാണുമ്പോൾ എങ്ങനെ പുളകമണിയാതിരിക്കും. ഇരുന്നൂറിലധികം സ്ഥാനാർത്ഥികൾ കൊടുത്ത "കൈകൾ" വരുത്തിയ വേദനയിൽ കൈകൾ തിരുമ്മുന്ന വോട്ടറും "ബാശാൻ കൂറ്റന്മാർ" വളഞ്ഞതുപോലെ സ്ഥാനാർത്ഥികളുടെ ഇടയിൽ പെട്ട് അമ്പരന്നു നിൽക്കുന്ന പഴക്കമില്ലാത്ത വോട്ടറും കണ്ണിനു വിരുന്നായി.



വാർദ്ധക്യം നിമിത്തം നിവരെ നിൽക്കാൻ വയ്യെങ്കിലും മതിലിലിരുന്നും ഒരു വോട്ടെനിക്കും നൽകണമെന്നു യാചിച്ച സ്ഥാനാർത്ഥി എന്നിൽ അഭിമാനവും ആവേശവും ഉയർത്തി. ഇതാണ് പെന്തെക്കോസ്തിന്റെ കെടാത്ത വീര്യം.

വോട്ടർമാരെ പൊതിഞ്ഞുനിന്ന സ്ഥാനാർത്ഥികളുടെയിടയിൽ നിന്നും കേട്ട ആവേശത്തിന്റെ ശബ്ദം എന്റെ ശ്രദ്ധയെ അവിടേക്കാകർഷിച്ചു. "ആത്മാവുവന്നു കഴിഞ്ഞു. ഇനി എന്നെ പിടിച്ചാൽ കിട്ടില്ല". വോട്ടു തെണ്ടുമ്പോഴും ആത്മാവിനെ കുടെ നിർത്തുന്ന ആ പെന്തെക്കോസ്തിന്റെ കണ്ണിലുണ്ണിയെ കാണാൻ ഞാൻ തിരിഞ്ഞു. ആ ഉണ്ണിയെ കണ്ടപ്പോഴെ ഞാനും ആത്മവിലായോ എന്നു സംശയം. ഐ. പി. സിക്ക് ഏറ്റവും വലിയ പള്ളി പണിയാൻ പോകുന്ന ആളാണ്. "കരിസ്മ"യുള്ള വലിയ പുള്ളി.

ആത്മാവു വരുന്ന വഴിയൊക്കെക്കണ്ട് ആത്മവിവശതയിൽ" കല്ല്യാണമാവിൻ ചുവട്ടിൽ അല്പസമയം വിശ്രമിച്ചു മടങ്ങുവാൻ ഒരുങ്ങുമ്പോൾ ചതഞ്ഞരഞ്ഞ് കീറിയ "പരവതാനി" വിളിച്ചു പറഞ്ഞുവോ "ഇതാണ് കുമ്പനാട് നൽകുന്ന ബാക്കിപ്പത്രം".

# വിഷൻ 2009 ഒരുക്കങ്ങൾ പൂർത്തിയായി

**കുമ്പനാട്:** പി. ഐ. സി. സിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 21-ന് നടക്കുന്ന വിഷൻ 2009 സെമിനാറിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. സുവിശേഷകർക്കും പാസ്റ്റർമാർക്കും സഭാനേതൃത്വത്തിൽ പ്രവർത്തിക്കുന്ന സഹോദരീസഹോദരന്മാർക്കും ശുശ്രൂഷയിൽ ഉണർവ്വും കാലാനുസൃത വീക്ഷണവും പകരുന്നതിനുതകത്തക്ക നിലയിലാണ് സെമിനാർ ക്രമീകരിച്ചിരിക്കുന്നത്. സുവിശേഷീകരണവും ദൗത്യവും എന്ന വിഷയത്തെക്കുറിച്ച് ഡോ. ജോൺ താന്നിക്കലും, സഭകളുടെ ഐക്യവും വളർച്ചയും എന്ന വിഷയത്തെക്കുറിച്ച് റവ. പി. ജോയ്സണും പ്രബന്ധമവതരിപ്പിച്ചുകൊണ്ട് സംസാരിക്കും. പി. ഐ. സി. സി. നേതാക്കൾ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും.



റവ. പി. ജോയ്സൺ



ഡോ. ജോൺ താന്നിക്കൽ

ആയിരം പ്രതിനിധികളെയാണു പ്രതീക്ഷിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. ഉച്ചഭക്ഷണം ഉണ്ടായിരിക്കും. സെപ്റ്റംബർ 15-വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. സംബന്ധിക്കുന്നവർ പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോമും കൂപ്പണും സെമിനാർ സ്ഥലത്തു ഏൽപിക്കുമ്പോൾ ഫയൽ, ബാഡ്ജ്, ഭക്ഷണ ടിക്കറ്റ് എന്നിവ ലഭിക്കും. 21-ാം നൂറ്റാണ്ടിൽ ഭാരത പെന്തെക്കോസ്തു സഭ നേരിടുന്ന വെല്ലുവിളികളും അവയ്ക്കുള്ള പരിഹാരങ്ങളും- സഭകളുടെ ഐക്യം, ആത്മീക വളർച്ച, സുവിശേഷീകരണത്തിന്റെ നവീന മാർഗങ്ങൾ, ദൗത്യ നിർവ്വഹണത്തിനായി സ്വീകരിക്കേണ്ട കാലാനുസൃത മാർഗ്ഗങ്ങൾ മുതലായ പ്രസക്ത വിഷയങ്ങളും ചർച്ച ചെയ്യപ്പെടും. പി. ഐ. സി. സി. യുടെ ഈ പുതിയ യത്നം പെന്തെക്കോസ്തിനു നവീന ദർശനവും ഉണർവ്വും നൽകുമെന്നു സംഘാടകർ പ്രതീക്ഷിക്കുന്നു.

**ബിലീവേഴ്സ് ജേണൽ**

**പ്രതിനിധികളെ നിയമിക്കുന്നു**

**വിളിക്കുക**

**9447368795,**

**9947359502**

# നിത്യതയിൽ



ബഞ്ചമിൻ ദാനിയേൽ

**തിരുവല്ല:** ദി പെന്തക്കോസ്ത് മിഷൻ തിരുവല്ല സെന്റർ പാസ്റ്ററും പെന്തക്കോസ്ത് മാസിക- പത്രാധിപസമിതി അംഗവുമായ പാസ്റ്റർ ബഞ്ചമിൻ ദാനിയേൽ (ബെന്നി - 64) ആഗസ്റ്റ് 15 -ന് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷകൾ 17 -ന് തിരുവല്ല ടി. പി. എം.. സഭാഹാളിൽ ആരംഭിച്ച കറ്റോട് സഭാ സെമിത്തേരിയിൽ നടത്തി. സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് സീനിയർ സെന്റർ പാസ്റ്റർ ജോയ് തോമസിന്റെ നേതൃത്വത്തിൽ സെന്റർ പാസ്റ്റർമാരായ എം.റ്റി. തോമസ്, വൈ. തോമസ്, സി. എൽ. സാമുവേൽ, എം. ജോസഫ്കുട്ടി, സണ്ണി ജോർജ്ജ്, ഡി. കെ. അലക്സ്, ജബരാജ്, വി. തോമസ് എന്നിവരും പാസ്റ്റർമാരായ ജോൺ തോമസ്, എം. പി. മാത്യു എന്നിവരും പ്രസംഗിച്ചു. സഹോദരങ്ങൾ പരേതനായ വർഗ്ഗീസ്, ജോൺ



നോബിൾ തോമസ്

**ഷാർജ:** ഷാർജാ വർഷിപ്പ് സെന്റർ സഭാംഗവും കുമ്പനാട് നെല്ലിമല ചെള്ളേത്തു വലിയകാലായിൽ വി. ടി. തോമസ് (തങ്കച്ചൻ), ഡെയ്സി (യു. എസ്) എന്നിവരുടെ മകനുമായ നോബിൾ തോമസ് (33) ആഗസ്റ്റ് 21-ാം തീയതി പകൽ നാലുമണിക്ക് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം കുമ്പനാട് എലിം സഭാ സെമിത്തേരിയിൽ നടന്നു. ഭാര്യ സുനി, മക്കൾ:നാഥൻ, ആൻ

# ബ്ലസ്സ് ഫൗണ്ടേഷൻ ഉദ്ഘാടനം ചെയ്തു

**മുംബൈ:** ന്യൂമുംബൈയിലെ പൻവേൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്ലസ്സ് ഫെലോഷിപ്പ് ചർച്ചിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച ബ്ലസ്സ് ഫൗണ്ടേഷൻ ഉത്ഘാടനം ചെയ്തു. എച്ച്.ഐ.വി+/ എയ്ഡ്സ് രോഗികൾക്കായുള്ള ആശ്രയകേന്ദ്രമാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. എയ്ഡ്സ് ബാധിതരായി മരിച്ചമാതാപിതാക്കളുടെ മക്കളും എയ്ഡ്സ് ബാധിതരുമായ കുട്ടികളെയാണ് ഈ കേന്ദ്രത്തിൽ സംരക്ഷിക്കുന്നത്. സെപ്തംബർ നാലിന് നവിമുംബൈ പെന്തക്കോസ്ത് ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ എം. റ്റി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ഐ. പി. സി. മഹാരാഷ്ട്ര റീജിയൻ പ്രസിഡന്റ് പാസ്റ്റർ പി. ജോയി ഉദ്ഘാടനം നിർവ്വഹിച്ചു. പെന്തക്കോസ്ത് സാഹിത്യ സമിതി ജനറൽ സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു മുഖ്യപ്രഭാഷകനായിരുന്നു. ബ്ലസ്സ് ഫൗണ്ടേഷൻപ്രസിഡന്റ് പാസ്റ്റർ റജി തോമസ് പ്രവർത്തന വിശദീകരണം നടത്തി. റവ. മാത്യു റോയി, ഡോ. ദിവ്യാ മിത്തൽ എന്നിവർ പ്രസംഗിച്ചു. ഇവാ. സജി മാത്യു, ബ്രദർ പ്രകാശ് പി. കോശി. തുടങ്ങിയവർ നേതൃത്വം നൽകി.

വിധിയും വിചാരണയും

# വിശ്വാസവും പ്രവൃത്തിയും



രാജു ആനിക്കാട്

വിശ്വാസവും പ്രവൃത്തിയും യോജിക്കുന്നില്ല, അതാണ് ക്രിസ്ത്യാനിത്വത്തിന്റെ അപമാനം. ക്രിസ്തീയ ജീവിതത്തിലേക്കുള്ള പ്രവേശം പ്രവൃത്തികളാലല്ല (എഫേ.2:8,9). പക്ഷേ അതിലെ നിലനിൽപിന് സൽപ്രവൃത്തികൾ അനിവാര്യമാണ് (എഫേ.2:10) ക്രിസ്ത്യാനിക്ക് വിശ്വാസം വേരും, പ്രവൃത്തികൾ ഫലവുമാണ്.

മനുഷ്യന്റെ ആത്മരക്ഷയ്ക്ക് പ്രാധാന്യം കൊടുക്കുന്നവർ അറിഞ്ഞിരിക്കേണ്ട വസ്തുതയാണ് ദേഹ രക്ഷയ്ക്കുള്ള ആവശ്യം കൂടെ മനുഷ്യനുണ്ട്. അവയെ അവഗണിച്ചാൽ അത്തരം വിശ്വാസത്തെ നിർജ്ജീവം എന്നാണ് യാക്കോബ് അപ്പോസ്തലൻ പറയുന്നത്.

ദൈവം ഏകൻ എന്ന വിശ്വാസം പിശാചിനുമുണ്ട്. പക്ഷേ വിശ്വാസവും സൽപ്രവൃത്തികളും കൂടെ സമ്മേളിക്കുന്നിടത്താണ് യഥാർത്ഥ മനുഷ്യൻ ഉണ്ടാകുന്നത്. മനുഷ്യൻ നിരീശ്വരത്വം പറയുമ്പോൾ സാത്താൻ നിരീശ്വര വാദിപോലുമല്ല. പക്ഷേ സൽപ്രവൃത്തികളാണ് അവനിൽ മനുഷ്യനെ വേരിട്ടു നിർത്തുന്നത്.

സൽപ്രവൃത്തികൾ കേവലം പ്രവർത്തികളുടെ കണക്കുകൾക്കുവേണ്ടി മാത്രമാകുമ്പോഴാണ് ക്രിസ്തുവിശ്വാസി പരീശത്വത്തിലേക്ക് അധ:പതിക്കുന്നത്. ആത്മാർത്ഥത കുറയുന്നിടത്താണ് പ്രകടനം കൂടുന്നത്. ഉപവാസവും, പതാരം കൊടുക്കലും, തെരുക്കോണിലെ പ്രാർത്ഥനയും എല്ലാം മനുഷ്യരുടെ മുമ്പിൽ ചെയ്യുമ്പോൾ സൽപ്രവൃത്തികളുടെ ജീവൻ നഷ്ടപ്പെടുകയാണ്. ഉദ്ദേശ്യശുദ്ധി പരിഗണിക്കുന്ന ക്രിസ്തു അതിനെയെല്ലാം അതിനിശിതമായി വിമർശിച്ചു. ഇത്തരം മതാത്മക പ്രകടനങ്ങൾക്കെല്ലാം പ്രതിഫലം കിട്ടിയിരിക്കുന്നു എന്നാണ് കർത്താവു പറഞ്ഞത്. ആത്മീക പ്രവൃത്തികൾക്കെല്ലാം ഒരു രഹസ്യ സ്വഭാവമായിരിക്കും. അതാണ് ദൈവം അംഗീകരിക്കുന്നത് (മത്തായി.6:2-5).

വിശ്വാസി ആത്മീകമായി വളരുന്നു എന്നതിന്റെ ലക്ഷണം പ്രകടനങ്ങളിൽ കുറയും എന്നതായിരിക്കും. പഴയ നിയമത്തിൽ അബ്രഹാമും പുതിയ നിയമത്തിൽ ഒരു അനന്യാസും തത്വത്തിൽ ഒരേ കാര്യം ചെയ്യുന്നുണ്ട്. ദൈവത്തിനു കൊടുത്തു. അബ്രഹാം മകനെ കൊടുത്തു അനന്യാസ് മണ്ണു കൊടുത്തു. (ഉല്പ. 22:15 -17,പ്രവൃത്തി 5:1,2) പക്ഷേ പ്രതിഫലം രണ്ടായി ഭവിച്ചു. ഒരിടത്തു ജീവനും അടുത്തിടത്ത് മരണവും.

മനുഷ്യന്റെ പ്രവൃത്തി വെളിയിൽ വരുന്നതിനു മുൻപ് അവന്റെ മനസ്സ് വായിക്കാൻ കഴിയുന്നവനാണ് ദൈവം. അബ്രഹാം മണ്ണിൽ പണിത യാഗപീഠത്തിൽ യാഗം നടക്കുന്നതിന് മുൻപ് മനസ്സിലെ യാഗപീഠത്തിൽ കൃത്യം നടന്നു. അനന്യാസ് പ്രവർത്തിയിൽ പ്രകടിപ്പിച്ചെങ്കിലും മനസ്സു കൊണ്ട് സ്വകാര്യത തേടി. അതുകൊണ്ടാണ് വിലയിൽ കുറെ എടുത്തു വച്ചത്.

ദൈവത്തിന് അർപ്പിക്കുന്ന ആരാധന അധരചർവ്വണവും ശബ്ദ കോലാഹലവും മാത്രമായി മാറുന്നിടത്ത് ഹൃദയം ശൂന്യമാണ്. ഹൃദയത്തിൽ ഒന്നും സംഭവിക്കാത്തിടത്ത് ദൈവ പ്രസാദവുമില്ല.

# വിവാഹത്തിന് മുൻപ് അറിയാൻ............

3 -ാം പേജ് തുടർച്ച

❑ സ്നേഹിക്കാനും പങ്കിടുവാനും ഒരാൾ
❑ ഒരു നേരം പോക്ക്
❑ ലൈംഗീകവിഷയങ്ങൾ
❑ ആരോടെങ്കിലും പകരം വീട്ടാൻ
❑ വഞ്ചിക്കാൻ / അല്പം റൊമാൻസ്
❑ പങ്കാളിയായി

**പെൺകുട്ടികൾക്ക്**

❑ താങ്കളെ കരുതുന്ന ഒരാൾ
❑ ബോറിംഗ് മാറാൻ
❑ അല്പം പണം വട്ടചിലവിന് കിട്ടാൻ
❑ വിവാഹജീവിത സ്വപ്നങ്ങൾ
❑ പക്വതയുടെ ലക്ഷണമായി കരുതാൻ
❑ ഒരു പരിധിവരെ ലൈംഗികത
❑ ഒരു സ്റ്റാറ്റസിനു വേണ്ടി
❑ സമയം തള്ളിനീക്കാൻ

ഇങ്ങനെ പല കാരണങ്ങളാകാം പ്രേമബന്ധത്തിലെത്തിക്കുന്നത്. ഏറെക്കുറെ പെൺകുട്ടികളും കുറെ ആൺകുട്ടികൾ വഞ്ചിക്കപ്പെടുകയും ബന്ധങ്ങൾ അറ്റുപോകുകയാണ് സാധാരണം.

**ദൈവവചനം പറയുന്നു**

* വിവാഹം ദൈവത്താൽ നിയമിക്കപ്പെട്ടതാണ്. ദൈവമാണ് ആദ്യവിവാഹത്തിന്റെ കാർമ്മികൻ (ഉല്പ.1:27)
* ലൈംഗികത ദൈവം നൽകിയ ദാനമാണ്. അത് വിവാഹത്തിനായി മാറ്റി വെയ്ക്കേണ്ടതാണ് (എബ്രാ.13:4)
* വിവാഹത്തിനു പുറത്തുള്ള എല്ലാ ലൈംഗികബന്ധങ്ങളും നിഷിദ്ധവും പാപവുമാണ് (1കൊരി.6:16)
* അനാവശ്യ ലൈംഗീകബന്ധങ്ങൾ കുറ്റബോധവും നിരാശയും വ്യക്തികളിൽ ഉളവാക്കുന്നു (സങ്കീ.51)
* ലൈംഗീകപാപങ്ങളെ ദൈവം വെറുക്കുന്നു (1കൊരി.6:18)
* മനുഷ്യന്റെ ലൈംഗീകതയെ ദൈവം അംഗീകരിക്കുന്നു അത് പരിപാവനമായി സൂക്ഷിക്കേണ്ടതും കുടുംബജീവിതത്തിനായി മാറ്റി വെയ്ക്കേണ്ടതുമാണ്.

**പഴഞ്ചൻ വണ്ടിയാകരുത്**

ഇപ്പോൾ പലയിടത്തും 'Pre-owned' Cars എന്ന ബോർഡിൽ കടകൾ കാണാം. ഒന്നോ അതിലധികമോ ആളുകൾ ഉപയോഗിച്ച വാഹനങ്ങളാണ് ഇതിൽപ്പെടുന്നത്. 'Second hand' എന്ന പ്രയോഗം മാറ്റിയാണ് പുതിയ ഈ Pre-owned Cars (മുമ്പ് ഉടമസ്ഥരുണ്ടായിരുന്ന കാർ) എന്ന പേര്. ഒരു ദൈവദാസൻ ഇപ്രകാരം പറഞ്ഞു, നിങ്ങൾ കുടുംബജീവിതത്തിന്റെ ആദ്യരാത്രിയിൽ പഴഞ്ചൻ വണ്ടിയായി പോയി എന്ന തോന്നലോ, Second hand എന്ന ചിന്തയോ ഉണ്ടാകാത്ത വിധത്തിൽ നിങ്ങളുടെ മനസ്സിനെയും ജീവിതത്തെയും നിയന്ത്രിക്കണം. പുതിയ വണ്ടിക്കുള്ള പണം നൽകിയിട്ട് പഴയ വണ്ടി ആരും വാങ്ങാറില്ല. എല്ലാവർക്കും പുതിയ വണ്ടിക്കാണ് താല്പര്യം. നിങ്ങൾക്കോ? നിങ്ങൾ പറയും പുതിയ വണ്ടി തന്നെ മതി എന്ന്. എങ്കിൽ മറ്റുള്ളവർക്കും പുതിയത് മതി. നിങ്ങൾ ഒരു first hand ആയി തന്നെ ജീവിക്കുക. "ഏക പുരുഷന് (സ്ത്രീക്ക്) ഒരുക്കപ്പെട്ട ഒരു മണവാട്ടിയായി (മണവാളനായി) വിശുദ്ധിയോടെ നിങ്ങളെ സൂക്ഷിക്കുക."

**തെറ്റായ ലൈംഗീകബന്ധത്തിന്റെ ഫലങ്ങൾ**

1. കുറ്റബോധവും നിരാശയും ജീവിതത്തിൽ കടന്നു വരുന്നു.
2. ജീവിതത്തിൽ നഷ്ടബോധവും വെറുപ്പും ഉണ്ടാകുന്നു.
3. വിവാഹത്തിനു മുമ്പുള്ള ഗർഭധാരണത്തിന് കാരണമാകുന്നു.
4. ലൈംഗീകരോഗങ്ങൾ പിടിപെടാൻ കാരണമാകുന്നു.
5. വിവാഹജീവിതത്തോട് വെറുപ്പും ഭയവും പരാജയഭീതിയും ഉണ്ടാകുന്നു.
6. ദാമ്പത്യജീവിതത്തിലെ കല്ലുകടിക്ക് കാരണമാകും.
7. അസംതൃപ്തമായ ലൈംഗീക ജീവിതത്തിലേക്ക് വഴി തെളിക്കും.

ഇതിനാൽ തെറ്റിലേക്ക് നയിക്കപ്പെടുവാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കി ദൈവഭയത്തിൽ ജീവിക്കുക ഒപ്പം; ഞാൻ എന്നെ തന്നെ വിശ്വസ്തമായി സൂക്ഷിക്കും എന്ന തീരുമാനം സ്വീകരിക്കുക.

**നിങ്ങൾ അറിയേണ്ടത്**

ലൈഗീകഅധ:പതനവും എച്ച്.ഐ.വി. പോലുള്ള പകർച്ച വ്യാധികളും വ്യാപകമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നിങ്ങളുടെ ജീവിതനിയന്ത്രണം സ്വയം ഏറ്റെടുക്കണം. പലപ്പോഴും നമ്മെ നേർവഴി കാണിക്കുവാൻ മാതാപിതാക്കളോ, സഭാ നേതാക്കന്മാരോ ഉണ്ടായി എന്നു വരില്ല. പക്ഷേ നിങ്ങളുടെ ജീവിതത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം നിങ്ങൾക്കു തന്നെയാണ്.

* എതിർലിംഗത്തിലുള്ളവരുമായി നിശ്ചിത അകലം പാലിക്കുകയും യോഗ്യമായി ഇടപെടുകയും ചെയ്യുക.
* ലൈംഗീകരോഗങ്ങൾ പടർന്നു പിടിക്കുവാനുള്ള സാദ്ധ്യതകൾ മനസിലാക്കി വിവാഹേതര ബന്ധങ്ങൾ വർജ്ജിക്കുക.
* വിവാഹത്തിന്റെ കാര്യത്തിൽ ക്ഷമയോടെ ദൈവഹിതത്തിനായി കാത്തിരിക്കുക.
* നിങ്ങൾക്ക് അനുയോജ്യമായ ഒരു പങ്കാളിയെ തരുവാൻ ദൈവത്തിന് കഴിയും എന്ന് വിശ്വസിക്കുക.
* മറ്റൊരാളെ പോലെയുള്ള ഒരു വ്യക്തിയെ ജീവിതപങ്കാളിയായി ലഭിക്കണം എന്ന് ചിന്തിക്കാതെ, ദൈവഹിതപ്രകാരമുള്ള ഒരാളെ തിരഞ്ഞെടുക്കുക.
* എല്ലാം തികഞ്ഞ ഒരു പങ്കാളിയെ ലഭിക്കുക എന്നത് ശരിയായ ചിന്തയല്ല, മറിച്ച് ബലഹീനതകളെ അറിഞ്ഞ് അംഗീകരിക്കുക.

മർത്തോമ്മ വലിയ മെത്രാപ്പോലീത്തയോട് ഒരിക്കൽ ചാക്കോ എന്ന പ്രമാണി പറഞ്ഞു: "തിരുമേനി എന്റെ മകന് ഒരു വിവാഹം വേണം, പക്ഷേ പെണ്ണ് സുന്ദരിയും, സുമുഖിയും, സുശീലയും, സാമ്പത്തികമായും, കുടുംബപരമായും ഉന്നതനിലവാരം പുലർത്തുന്നതും, സൽസ്വഭാവിയും ആയിരിക്കണം.

കൊള്ളാം നല്ല കാര്യം! "ചാക്കോച്ചാ, ഇതു പോലൊരു പെൺകുട്ടി ലോകത്ത് ഉണ്ടായിരുന്നെങ്കിൽ പിന്നെ ഞാൻ ഈ താടിയും മുടിയും വളർത്തി നടക്കുമായിരുന്നോ"

അതായത് എല്ലാം തികഞ്ഞ ഒരാളെ കണ്ടുകിട്ടുക സാദ്ധ്യമല്ല, എന്നു സാരം.

പലരും പ്രേമബന്ധങ്ങളിൽ പെട്ടു കഴിഞ്ഞ്, എങ്ങനെയെങ്കിലും രക്ഷപെടാൻ ആഗ്രഹിക്കും. പക്ഷേ അത് പ്രശ്നങ്ങൾക്ക് വഴി തെളിക്കാം.... കേരളത്തിലെ നിരവധി സ്കൂൾകുട്ടികൾക്കിടയിൽ ഞങ്ങൾ നടത്തിയ കൗൺസിലിംഗ് പരിപാടിയിൽ കൂടി മനസിലായത് ഏറെക്കുറെ എല്ലാവർക്കും സ്വന്തമായി ഒന്നോ അതിലധികമോ പ്രേമബന്ധങ്ങൾ ഉള്ളവരാണ് എന്നതാണ്. പഠനത്തിലും ജീവിതത്തിന്റെ എല്ലാ മേഖലയിലും അതിന്റെ സ്വാധീനം ഉണ്ടാകാറുണ്ട്.

**നിങ്ങൾ ഇന്ന് തെറ്റിലാണെങ്കിൽ**

പല സ്ഥലത്തും യുവജനങ്ങൾക്കായുള്ള കൗൺസലിംഗ് ക്ലാസുകൾ നടത്തി മടങ്ങുമ്പോൾ ചിലരെങ്കിലും വന്നു പറയാറുണ്ട്, "സാറേ ഇത് ഒരു വർഷം മുമ്പ് കേട്ടിരുന്നെങ്കിൽ പ്രയോജനപ്പെട്ടേനേ" എന്ന്. ശരിയാകാം... പലരും തെറ്റിലേക്കും കുറ്റബോധത്തിലേക്കും നയിക്കപ്പെട്ടു കഴിഞ്ഞാകാം ഇത്തരം കാര്യങ്ങൾ പാപമാണെന്ന് അറിയുന്നത്. എന്നാൽ അപ്പോഴേക്കും രക്ഷപ്പെടുവാൻ കഴിയാത്ത വിധത്തിൽ കുഴിയിൽ വീണിരിക്കാം. നിങ്ങൾക്കും രക്ഷപ്പെടുവാൻ കഴിയും എന്ന സന്ദേശമാണ് എനിക്ക് പറയുവാനുള്ളത്, "Where there is a will, there is a way". പലരും ഇതിനായി സാഹചര്യങ്ങൾ ഉണ്ടാക്കി തെറ്റിലേക്ക് വഴുതി വീഴുന്നവരാണ്. എന്നാൽ 10% സാഹചര്യങ്ങൾ അപ്രതീക്ഷിതമാണ്, പക്ഷേ അവിടെ നാം എപ്രകാരം പ്രതികരിക്കുന്നുവെന്നതിലാണ് നമ്മുടെ യഥാർത്ഥ മുഖം ദൃശ്യമാകുന്നത്.

ഒറ്റക്കുള്ള യാത്രകൾ, ചില

ശേഷം പേജ്: 11

ബിലീവേഴ്സ് ജേണൽ
Vol. 2 Issue: 17 2009 September 10

# കാലേബ് – ദൈവത്തോട്...............

6 –ാം പേജ് തുടർച്ച

യൊരുക്കി. 85 –ാം വയസ്സിലും അവന് കിട്ടിയ ആരോഗ്യം കർത്താവിനോട് പറ്റയിരുന്നതിന്റെ ഫലമാണ്. യേശുവിന്റെ മാർവ്വോട് ചാരിയിരുന്ന യോഹന്നാൻ നമുക്ക് മാതൃകയായിരിക്കട്ടെ. മരുഭൂമിയിൽ കൂടി പ്രീയന്റെ മേൽചാരിയാത്ര ചെയ്യുന്ന ശൂലേമിയാണ് ദൈവസഭ. ഓർപ്പാ അമ്മായിയമ്മയെ ചുംബിച്ചു പിരിഞ്ഞു. രൂത്തോ നവോമിയോട് പറ്റി നിന്നു. അവൻ എന്നോട് പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും. സങ്കീ 91:14. മരുഭൂമിയാത്രയിൽ പ്രീയന്റെ മാർവ്വിടം നമ്മുടെ അഭയസ്ഥാനമായിരിക്കട്ട!

ദൈവത്തിലും ദൈവവചനത്തിലുമുള്ള അവന്റെ അചഞ്ചല വിശ്വാസം നമുക്ക് മാതൃകയാണ്. ദേശത്ത് മല്ലന്മാരുള്ള കാര്യം കാലേബ് നിഷേധിക്കുന്നില്ല. എന്നാൽ അവർ നമുക്ക് ഇരയായിത്തീരും എന്നാണവൻ പറഞ്ഞത്. മല്ലന്മാരെ തങ്ങളോട് താരതമ്യപ്പെടുത്തി വലിയബലശാലികളായി മറ്റുള്ളവർ കണ്ടപ്പോൾ അവരെ ദൈവത്തോട് താരതമ്യപ്പെടുത്തി ഏറ്റവും ബലഹീനരായി കാലേബ് കണ്ടു. തങ്ങൾക്ക് പരാജയപ്പെടുത്തുവാൻ കഴിയാത്ത വൻ ശക്തിയായി ശത്രുവിനെ ജനം കണ്ടപ്പോൾ പടയിൽ തോറ്റോടുന്ന ദുർബലരായി കാലേബ് അവരെ കണ്ടു. ആർക്കും ഭേദിപ്പാൻ കഴിയാതെ വണ്ണം ആകാശത്തോളം ഉയർന്നു നിൽക്കുന്ന വൻമതിലുകളെ ജനം കണ്ടപ്പോൾ വിശ്വാസത്തോടെ മുന്നോട്ടു കുതിക്കുന്നതായി യിസ്രായേൽ ജനത്തിനു മുമ്പിൽ തകർന്നു വീഴുന്ന കോട്ടകൊത്തളങ്ങളെ കാലേബ് കണ്ടു. വലിയ മല്ലന്മാരേയും ചെറിയ ദൈവത്തേയും ജനം കണ്ടപ്പോൾ ചെറിയ മല്ലന്മാരേയും വലിയ ദൈവത്തേയും കാലേബ് കണ്ടു. നമ്മുടെ ജീവിതത്തിലും മല്ലന്മാരുണ്ട്. രോഗം, സാമ്പത്തീക ബുദ്ധിമുട്ട്, നിരാശ, സംശയം, അവിശ്വാസം, കുടുംബപ്രശ്നം ഇവയൊക്കെ നാം നിരന്തരം നേരിടേണ്ട മല്ലന്മാരാണ്. പ്രശ്നങ്ങളാകുന്ന മല്ലന്മാരേക്കാൾ സർവ്വശക്തനായ ദൈവത്തെ വലുതായി കാണുവാൻ കഴിഞ്ഞാൽ വിജയം സുനിശ്ചിതം. നിങ്ങൾ ആരെന്നല്ല, നിങ്ങളുടെ കഴിവ് എന്തെന്നുമല്ല, യേശുവിൽ ആശ്രയമുള്ളവനാണോ നിങ്ങൾ എന്നത് മാത്രമാണ് കാര്യം.

കഴിഞ്ഞ കാലങ്ങളിൽ ദൈവം നടത്തിയ അത്ഭുതവഴികളെക്കുറിച്ച് ഓർക്കുകയും ദൈവത്തിന് നന്ദി കരേറ്റുകയും ചെയ്യുന്നവനായിരുന്നു കാലേബ്. ചെങ്കടൽ വിഭജിച്ച് തന്റെ ജനത്തിന് വഴിയൊരുക്കി, മാറായെ മധുരമാക്കി, തീക്കല്ലിൽ നിന്നും വെള്ളം പുറപ്പെടുവിച്ചു, മന്നായും കാടപ്പക്ഷിയും നൽകി തന്റെ ജനത്തെ അനുദിനം ജയോത്സവമായി മരുഭൂമിയിൽ വഴി നടത്തിയ ദൈവത്തെ അവൻ ഒരിക്കലും മറന്നിരുന്നില്ല. പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും അവരെ വഴി നടത്തിയ ദൈവം നമ്മേയും മരുഭൂമിയിൽ നടത്തുവാൻ ശക്തൻ തന്നെ. ദൈവപ്രവർത്തനങ്ങൾക്ക് പ്രായം ഒരു തടസ്സമല്ല എന്ന് മനസ്സിലാക്കിയവനായിരുന്നു കാലേബ്, 85–ാം വയസ്സിൽ ഹെബ്രോൻമല പിടിച്ചടക്കുവാൻ അവന് സാധിച്ചു. മോശെ ദൈവത്തിൽ നിന്നും 10 കല്പന എഴുതിയ കല്പലക ഏറ്റു വാങ്ങിയത് 80 –ാം വയസ്സിലാണ്. അതിശയം ചെയ്യാനാരംഭിച്ചപ്പോൾ അഹരോൻ 83 വയസ്സുള്ളവനായിരുന്നു. 85 വയസ്സായപ്പോഴാണ് വാഗ്ദത്തദേശത്തേക്ക് യോശുവ ജനത്തെ നയിച്ചത്. പല മഹാന്മാരും അവരുടെ ജീവിതത്തിൽ സുപ്രധാന നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത് 65 വയസ്സിന് ശേഷമാണ്. ഗലീലിയോ 73–ാം വയസ്സിലാണ് വലിയ കണ്ടുപിടുത്തം നടത്തിയത്. ഗോൾഡാമേയർ എന്ന വനിത യിസ്രായേൽ പ്രധാനമന്ത്രിയായപ്പോൾ പ്രായം 71. അമേരിക്കൻ ഭരണഘടനരൂപപ്പെടുത്തിയപ്പോൾ ബഞ്ചമിൻ ഫ്രാങ്ക്ളിന് 81 വയസ്സായിരുന്നു, പ്രായം കൂടിപ്പോയി ഇനിയും എനിക്കൊന്നിനും കഴിവില്ല എന്ന് ചിന്തിക്കുന്ന ആരെങ്കിലും ഇത് വായിക്കുന്നുവെങ്കിൽ കാലേബ് നിങ്ങളുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമാണ്. ദൈവസേവയിൽ റിട്ടയർമെന്റില്ല. കാരണം, ഇതൊരു ജോലിയല്ല, ദൈവീക വിളിയാണ്.

ദൈവഹിതത്തിന് തന്നെ തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചവനായിരുന്ന കാലേബ്. അവൻ വേറൊരു ആത്മാവിന്റെ ഉടമയായിരുന്നു എന്ന് വചനം സാക്ഷിക്കുന്നു. ദൈവസേവയിൽ സമ്പൂർണ്ണ സമർപ്പണം ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു. സോവിയറ്റ് റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് ഒരു ഒളിവ് സഭയിൽ രഹസ്യമായി ആരാധന നടന്നുകൊണ്ടിരിക്കുമ്പോൾ രണ്ടു പട്ടാളക്കാർ നിറതോക്കുമായി അകത്ത് കടന്നു. എല്ലാ വിശ്വാസികളേയും ഭിത്തിയോട് ചേർത്തുനിർത്തി. യേശുവിലുള്ള വിശ്വാസം ത്യജിച്ചു പറയുന്നവർക്ക് സ്വതന്ത്രരായി പോകാം എന്ന് കല്പിച്ചു ചിലർ രക്ഷപ്പെട്ടു. “ഇത് നിങ്ങളുടെ അവസാന അവസരം ഒന്നുകിൽ യേശുവിനെ ഉപേക്ഷിക്കുക. അല്ലെങ്കിൽ മരണത്തിന് തയ്യാറാകുക”. വീണ്ടും അവരാജ്ഞാപിച്ചു ചിലർ മുറിവിട്ട് പുറത്തിറങ്ങി. ഏത് നിമിഷവും മരണം പ്രതീക്ഷിച്ചുനിന്നവരോട് രണ്ടു കൈകളും മുകളിലേക്കുയർത്തിപ്പിടിക്കുവാൻ പട്ടാളക്കാർ ആവശ്യപ്പെട്ടു. മരണത്തിന് തയ്യാറായി കൈകളുയർത്തി നിന്ന വിശ്വാസികളോട് അവർ പറഞ്ഞു– ഇനിയും യേശുവിനെ ഞങ്ങളോടോപ്പം സ്തുതിക്കുക. ഞങ്ങൾ കമ്മ്യൂണിസ്റ്റുകൾ ആയിരുന്നു. പക്ഷേ, ഇപ്പോൾ വിശ്വാസികളാണ്. നിങ്ങലിലെത്ര പേർ യഥാർത്ഥ വിശ്വാസികളായുണ്ടെന്നറിയുവാൻ ഞങ്ങളിത് ചെയ്തതാണ്. ഈ വിശ്വാസികളുടെ സമർപ്പണജീവിതം നമുക്കുണ്ടോ എന്ന് പരിശോധിക്കുക.

വിശ്രുത സുവിശേഷകനായിരുന്ന ഡി. എൽ. മൂഡി കോളേജിലോ ബൈബിൾ സെമിനാരിയിലോ പഠിച്ചിട്ടില്ല. ഒരു സഭയുടേയും ഓർഡിനേഷനും സമ്പാദിച്ചിട്ടില്ല. തന്റെ അമ്മാവന്റെ ചെരുപ്പുകടയിൽ ജോലി ചെയ്തുവരവേ ഒരിക്കൽ ഹെൻറി വാർലി എന്ന ദൈവദാസന്റെ പ്രസംഗം കേട്ടു, “ദൈവകരങ്ങളിൽ സമ്പൂർണ്ണമായി സമർപ്പിക്കപ്പെടുന്ന വ്യക്തിയെക്കൊണ്ട് ദൈവത്തിന് എന്തെല്ലാം ചെയ്യുവാൻ കഴിയുമെന്ന് ലോകം ഇനിയും കാണേണ്ടിയിരിക്കുന്നു”. മൂഡി പറഞ്ഞു: “ ദൈവകൃപയാൽ ആ വ്യക്തി ഞാനായിരിക്കും”. അദ്ദേഹമാണ് രണ്ടു ഭൂഖണ്ഡങ്ങളെ സുവിശേഷത്താൽ ഇളക്കിമറിച്ചത്. ചെരുപ്പുകുത്തിയായിരുന്ന വില്യം കേറി ദൈവത്തിനു വേണ്ടി വൻ കാര്യങ്ങളെ ചെയ്തവനും ദൈവത്തിൽ നിന്നും വൻകാര്യങ്ങളെ പ്രതീക്ഷിച്ചവനും ആയിരുന്നു. ജീവിതത്തെ സമ്പൂർണ്ണമായി ദൈവകരങ്ങളിൽ സമർപ്പിച്ച് അനേകായിരങ്ങളെ ദൈവരാജ്യത്തിനവകാശികളാക്കിയ അനുഗ്രഹീത ദൈവഭൃത്യരുടെ നിരയിൽ അടുത്തയാൾ നിങ്ങളായിരിക്കുമോ?

**കത്തുകളും ലേഖനങ്ങളും**
**ബിലീവേഴ്സ് ജേണൽ**
മഞ്ഞാടിയിൽ ബിൽഡിംഗ്
മഞ്ഞാടി. പി.ഒ.
തിരുവല്ല, കേരളം ,
പിൻ: 689 105

# അകം പൊരുൾ...........

2 –ാം പേജ് തുടർച്ച

അനർത്ഥ ദിവസത്തിൽ യഹോവ അവനെ വിടുവിക്കുമെന്നും കാണാം (സങ്കീ 41:1). പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കാതെ പോകുന്നതിന് അവിശ്വാസവും ഒരു കാരണമാണ് (മത്തായി 17:20, മർക്കൊസ് 11:23)

**പ്രാർത്ഥനയിലെ ദൈവോദ്ദേശം.**

പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണമാണ്. ആശയവിനിമയമാണ്. അത് എങ്ങനെയും പ്രകടമാക്കാം. മകൻ അപ്പനോടെന്നപോലെ, മകൾ അമ്മയോടെന്നപോലെ, ഭാര്യ ഭർത്താവിനോടെന്നപോലെ, ദാസൻ യജമാനനോടെന്നപോലെ, പ്രജരാജാവിനോടെന്നപോലെയും ആകാം. എല്ലാറ്റിലുപരി ഒരു മനുഷ്യൻ സർവ്വശക്തനായ ദൈവത്തിന്റെ തിരുമുമ്പിൽ ഭയഭക്തി ബഹുമാനങ്ങൾ അർപ്പിച്ചു കൊണ്ടുതന്നെയാകണം പ്രാർത്ഥിക്കേണ്ടത്. ഇത്തരം പ്രാർത്ഥനകൾക്കു മറുപടിയുണ്ട്. ദൈവത്തിന് ബഹുമാനം നൽകാത്ത പ്രാർത്ഥനകൾക്കു മറുപടിലഭിക്കില്ല.

കൃപായുഗത്തിൽ ദൈവത്തെ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന് അഭിസംബോധന ചെയ്തുകൊണ്ട് പ്രാർത്ഥിക്കണമെന്ന് യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. (മത്തായി 6:9 –13) മൂന്ന് കാര്യങ്ങളാണ് പ്രാർത്ഥനയിൽ വേണ്ടത് (വാക്യം 9) ഒന്നാമത്, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ....” ദൈവത്തിന്റെ നാമം വിശുദ്ധമാണ്. ദൈവം വിശുദ്ധനാണ്. ദൈവം വിശുദ്ധനാകയാൽ ദൈവത്തിന്റെ ജനം വിശുദ്ധരായിരിക്കണം. ആ ജനം ദൈവത്തെ വിശുദ്ധിയിൽ ആരാധിക്കണം. അത് ജീവിതത്തിന്റെ സമസ്ത മേഖലയിലും പുലരേണ്ട ആരാധനയാണ് (റോമർ 12:1). ‘നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ എന്നത് ഭയഭക്തി ബഹുമാനത്തോടുള്ള പ്രാർത്ഥനയാണ്. ഭക്തി ബഹുമാനങ്ങൾ നൽകി സ്വർഗ്ഗീയ പിതാവിനോട് പ്രാർത്ഥിക്കുക.

രണ്ടാമത് “നിന്റെ രാജ്യം വരേണമേ....” ഈ രാജ്യം യേശുവിന്റെ രാജ്യം തന്നെ. സുവിശേഷം ഭൂലോകമെങ്ങും പ്രഘോഷിക്കപ്പെടുകയും പുതിയ ആകാശവും പുതിയ ഭൂമിയും’ (വെളി 21:1) എന്ന മശിഹവാഴുന്ന രാജ്യം യഥാർത്ഥമാകാൻ പ്രാർത്ഥിക്കുകയും ചെയ്യണം.

മൂന്നാമത്, “നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ...” നമ്മുടെ പ്രാർത്ഥനകൾ ദൈവഹിതപ്രകാരമുള്ളതാകണം. നമ്മുടെ ജീവിതത്തിൽ ദൈവഹിതത്തിന് മുൻതൂക്കം നൽകണം. ഭൂമിയിൽ ദൈവഹിതം നടപ്പാക്കപ്പെടുന്നത് ദൈവമക്കളിലൂടെയാണ്. വിവാഹബന്ധങ്ങൾ, വിദ്യാഭ്യാസം, ബിസിനസ്, സുഹൃത്ത് ബന്ധങ്ങൾ, പോക്കും വരവും എല്ലാറ്റിലും ദൈവഹിതത്തിന്റെ പച്ചക്കൊടി ഉണ്ടാകണം. ദൈവഹിതം മനസ്സിലാക്കി പ്രാർത്ഥിച്ചാൽ മറുപടിയുണ്ട്. ദൈവഹിതമില്ലാത്ത പ്രാർത്ഥനകൾക്കു മറുപടിയില്ല. ദൈവഹിതമില്ലാത്ത വഴികൾ വലച്ചിലിന്റെ വഴികളാണ്. അനുദിനം മനസ്പുതുക്കി രൂപാന്തരപ്പെടുന്നവർക്ക് ദൈവഹിതം തിരിച്ചറിയാം. (റോമർ 12:2) പല പ്രാർത്ഥനകളും കേൾക്കാതെ പോകുന്നത് ദൈവഹിതത്തിന്റെ അതിർവരമ്പുകൾ വിട്ടുപോകുന്നത് കൊണ്ടാണ്.

യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്ന ഒരാൾ യേശുവിനെ തന്റെ ജീവിതത്തിൽ കർത്താവായി അംഗീകരിക്കുന്നു. ആ വ്യക്തി യേശുവിന്റെ കർതൃത്വത്തിൽ (Lordship) കീഴിലാണ്. ‘യഹോവ എന്റെ ഇടയനാകുന്നു’ എന്ന് ഏറ്റു ചൊല്ലുമ്പോൾ ഒരു ഇടയന്റെ പരമാധികാരം അംഗീകരിക്കുന്നു. നാം ക്രിസ്തുവിന്റെ നുകം ഏറ്റവരാണ് (മത്തായി 11: 30). നുകമേറ്റ മൃഗത്തിന് തന്നിഷ്ടത്തിന് പോകാനാകില്ല. ദൈവം നമുക്ക് സ്വതന്ത്രേച്ഛ (Freewill) നൽകിയിട്ടുള്ളപ്പോൾ തന്റെ ദൈവഹിതത്തിനപ്പുറം പോകാൻ പാടില്ല. അതേ സമയം ദൈവഹിതം മറുതലിച്ചവർക്കുണ്ടായ ദുരന്തങ്ങളെക്കുറിച്ചും തിരുവചനം വ്യക്തമാക്കിയിട്ടുണ്ട്. യോന നിനവേയിൽ പ്രസംഗിക്കുക എന്നത് ദൈവഹിതമായിരുന്നു. പകരം യോന തർശീശ് എന്ന സമ്പന്ന രാജ്യത്ത് പോകാൻ കപ്പൽകയറി. അതേ തുടർന്ന് യോനയെ വേട്ടയാടിയ പ്രശ്നങ്ങളെന്തെന്ന് യോനായുടെ പുസ്തകത്തിൽ പരാമർശിക്കുന്നു.

ഇസ്രായേൽ മക്കൾക്കു സ്വർഗ്ഗീയ മന്ന നൽകിയെങ്കിലും അതിൽ തൃപ്തിപ്പെടാതെ അവർ മാംസത്തിന് കൊതിച്ചു. കാടകളെ ദൈവം അവർക്കു നൽകി. പക്ഷെ ഭക്ഷണം അവരുടെ വായിൽ ഇരിക്കുമ്പോൾ തന്നെ ദൈവത്തിന്റെ കോപം അവരുടെമേൽ വന്നു. അവരുടെ അതിപുഷ്ടന്മാരിൽ ചിലരെ കൊന്നു (സങ്കീ 78:31). ദൈവഹിതം മനസ്സിലാക്കിയിട്ടും നിർബന്ധപൂർവ്വം ദൈവത്തെ കൊണ്ട് ചെയ്യിക്കുന്നത് ഒടുവിൽ കഷ്ടങ്ങൾക്കും നഷ്ടങ്ങൾക്കും കാരണമാകുമെന്ന് പാഠഭേദം. യിസ്രായേൽ മക്കൾ അവരെ ഭരിക്കാൻ ജാതികൾക്കുള്ളതുപോലെ രാജാവിനെ ആവശ്യപ്പെട്ടത് യഹോവയ്ക്കിഷ്ടമല്ലായിരുന്നു. യഹോവയുടെ മറുപടി ഇതായിരുന്നു. “ഞാൻ അവരെ ഭരിക്കാതിരിക്കേണ്ടതിന് എന്നെയാകുന്നു ത്യജിച്ചിരിക്കുന്നത്”. (1 ശമു 8:7) ഒടുവിൽ യഹോവ ജനത്തിന്റെ അപേക്ഷ കേട്ടുവെങ്കിലും അനിഷ്ടവും വെളിപ്പെടുത്തി:“ നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന രാജാവിന്റെ നിമിത്തം നിങ്ങൾ അന്നു നിലവിളിക്കും; എന്നാൽ യഹോവ അന്ന് ഉത്തരം അരുളുകയില്ല”(1 ശമു8:18). പിന്നീട് രാജഭരണങ്ങളിലൂടെ യിസ്രായേൽ മക്കൾ ദുരന്തങ്ങൾ ഏറ്റുവാങ്ങി. ദൈവത്തിന്റെ ഹിതപ്രകാരം മറുപടി ലഭിക്കാത്ത പ്രാർത്ഥനകൾക്ക് ഉദാഹരണങ്ങളുണ്ട്. ദാവീദ് മകന്റെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു വെങ്കിലും മകൻ മരിച്ചു (2 ശമു 12:18). അപ്പോസ്തലനായ പൗലോസിന്റെ മാറാത്തരോഗം (2 കൊരി 12:7). കുരിശുമരണമെന്ന പാനപാത്രം മാറിപോകാൻ യേശു പിതാവിനോട് പ്രാർത്ഥിച്ചുവെങ്കിലും ആ പ്രാർത്ഥന നിരസിക്കപ്പെട്ടു (മത്തായി 26:39)

അകൃത്യം നിമിത്തം പ്രാർത്ഥനകൾ നിരസിക്കപ്പെടുമ്പോൾ തന്നെ ദൈവത്തിന്റെ സമ്പൂർണ്ണഹിത പ്രകാരവും ചില പ്രാർത്ഥനകൾ നിരസിക്കപ്പെടാറുണ്ട്. ഇതിലെല്ലാം ദൈവഹിതം തിരിച്ചറിയുകയാണ് കരണീയമായിട്ടുള്ളത്.

# കാനം അച്ചന് ആരോപണങ്ങളുടെ തുലാഭാരം

**മാധ്യമവിചാരം**



അനിൽ കൊടിത്തോട്ടം

പട്ടത്വ സഭയുടെ ദുരാചാരങ്ങളിൽ മനംനൊന്ത് പൗരോഹിത്യത്തിന്റെ മേലങ്കി വലിച്ചൂരി ചവറ്റുകൊട്ടയിൽ എറിഞ്ഞ് വിശ്വാസ ജീവിതത്തിൽ അചഞ്ചലനായി മുന്നേറുന്ന കാനംഅച്ചനെതിരെ മരുപ്പച്ചയും അതിന്റെ ചുവടുപിടിച്ച് ആസൂത്രിതമായി തയ്യാറാക്കിയ പൊറാട്ടുനാടകം അവതരിപ്പിച്ച് ഹല്ലേലുയ്യായും രംഗത്തെത്തിയ കഴിഞ്ഞ ലക്കങ്ങൾ, ഐ.പി.സി ഇലക്ഷന്റെ തിരക്കുകളിൽ അലിഞ്ഞില്ലാതായി. അമേരിക്കയിൽ ഈ സീസണിൽ ഏറ്റവും തിരക്കേറിയ ശുശ്രൂഷ ചെയ്ത് കാനംഅച്ചൻ ക്രൈസ്തവസമൂഹത്തിന്റെ സ്വത്താണെന്ന് തെളിയിച്ചുകൊണ്ട് വിദേശമലയാളികൾ മരുപ്പച്ചയുടെയും ഹല്ലേലുയ്യായുടെയും കാഴ്ചപ്പാടുകളെ തിരിച്ചടിച്ചു.

ഇതേസമയത്ത് ഹല്ലേലുയ്യായും മരുപ്പച്ചയും പിന്തുണച്ചുവന്ന അമിട്ടു പ്രസംഗകർക്ക് നനഞ്ഞ ഓലപ്പടക്കത്തിന്റെ പകിട്ടുപോലും പുറത്തെടുക്കാനാവാതെ അമേരിക്കൻ മലയാളികളുടെ ദയാദാക്ഷണ്യം കാത്ത് അവഗണനയുടെ ബഥേസ്താ കുളക്കരയിൽ കഴിയേണ്ടി വന്നു. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ നമ്മുടെ സംവാദ മണ്ഡലങ്ങളുടെ അജണ്ഡ തീരുമാനിച്ചുവന്ന ഈ രണ്ട് പത്രങ്ങളെ വിശ്വാസികൾ എങ്ങനെ കൈക്കൊള്ളുന്നുവെന്നതിന്റെ ഉദാഹരണങ്ങളാണിത്. ഇതിൽ ഹല്ലേലുയ്യായുടെ നിലപാട് പുതുതല്ലാ എന്നതും അതിന് സ്ഥിരതയുണ്ട് എന്നുള്ളതും സമ്മതിക്കുന്നു. എന്നാൽ ശക്തിദൗർബല്യങ്ങളെ വിലയിരുത്തി ഏത് പക്ഷത്തും നിലയുറപ്പിക്കുന്നതാണ് തങ്ങൾക്ക് ലാഭം എന്ന് നോക്കി നിലപാട് സ്വീകരിക്കുന്ന മരുപ്പച്ച അതിന്റെ തനത് സ്വഭാവമായ അവസരവാദം വെടിയുന്നില്ലെങ്കിൽ, കോമഡി ബിഷപ്പുമാരുടെ വിവരക്കേടുകളും കരിസ്മാറ്റിക് വിവരദോഷികളുടെ സ്വയംകൃത മനോരോഗവുമെല്ലാം ധ്യാനം എന്ന പേരിൽ പ്രസിദ്ധീകരിച്ചു വരുന്ന പതിവ് പല്ലവിക്കുമപ്പുറത്ത് ഒരു പുരോഗതിയും സംഭവിക്കാനിടയില്ല.

പ്രസംഗം എന്നപേരിൽ വിവരക്കേടുകളെ മര്യാദകളുടെ എല്ലാ സീമകളും ലംഘിച്ച് സ്റ്റേജുകളിൽ നിന്ന് എഴുന്നള്ളിക്കുന്ന കാപട്യക്കാരെ ആത്മീയരായി ചിത്രീകരിക്കുന്ന കരാർ പണി ചെയ്തു വരുന്നവർക്ക് കാനം അച്ചൻ ആരാണെന്ന് മനസ്സിലാവുകയില്ല. മാത്രമോ, കാനം അച്ചനെ പിന്തുണച്ചാൽ അവർ പ്രതീക്ഷിക്കുന്ന പലതും ലഭിക്കുകയുമില്ല. സപ്ലിമെന്റ് നല്കാൻ താല്പര്യമെടുക്കാത്ത അച്ചനെ അറുപിശുക്കനായി മുദ്രകുത്തുന്നതിന്റെ മന:ശാസ്ത്രവും മറ്റൊന്നല്ല.

അച്ചനെ തേജോവധം ചെയ്യാൻ ഈ പത്രങ്ങൾ നടത്തിയ ശ്രമങ്ങളെ പ്രതിരോധിച്ച് സ്വർഗ്ഗീയധ്വനിയും ജേണലും ഇതിനകം രംഗത്തെത്തി കഴിഞ്ഞു. ക്രൈസ്തവചിന്തയും ഗുഡ്ന്യൂസും എക്കാലഘട്ടത്തിലും കാനം അച്ചനെ ക്രീയാത്മകമായി വിലയിരുത്തുന്ന നിലപാടുള്ളവയാണ്. ഇവിടെ അദ്ദേഹത്തെ ആക്ഷേപിക്കാനിറങ്ങിത്തിരിച്ചവർക്ക് ഏതറ്റം വരെ പോകാനാകുമെന്ന് ഇതിനകം തെളിഞ്ഞുകഴിഞ്ഞു.

ഹല്ലേലുയ്യായുടെ ഏറ്റവുമടുത്ത ലക്കത്തിലെ 'ഫിലിപ്പ്.പി. യുഗം' ജേണലിസ്റ്റിക് ടെക്നിക്കിന്റെ മികവിന് സൂചനയാണ്. ഐ.പി.സി ഇലക്ഷനിൽ ഏറെക്കുറെ നിഷ്പക്ഷത പാലിച്ച ഹല്ലേലുയ്യാ നിരീക്ഷണം കാലോചിതമായി. പാരമ്പര്യ-പരിഷ്കൃത ചേരികളുടെ ഏറ്റുമുട്ടലിൽ മരുപ്പച്ച, ജേണൽ, ഹല്ലേലുയ്യാ പത്രങ്ങൾ കാഴ്ചക്കാരുടെ റോളിൽ എന്നുമാത്രം. വസ്തുതകൾ വീക്ഷിച്ചപ്പോൾ ജാലകവും സ്വർഗ്ഗീയധ്വനിയും ക്രൈസ്തവചിന്തയും പാരമ്പര്യചേരിയുടെ ഏകപക്ഷീയവിജയത്തെ കൈയയച്ച് സഹായിച്ചു. എന്നാൽ ഈ ചേരിയെ നയിച്ച കേന്ദ്രങ്ങളിൽ വിയർപ്പും വിറയലും അമ്പരപ്പും നല്കി മികച്ച പോരാട്ടം കാഴ്ചവെച്ച എതിർ ചേരിയെ വിസ്മരിക്കേണ്ടതില്ല. ആവനാഴിയിലെ അവസാനത്തെ ആയുധവും എടുത്തുപോരാടിയ പരിഷ്കൃതചേരിയുടെ സഹതാപ അടവുകളോ, ആത്മിയ അഭിനയങ്ങളോ മുഖവിലയ്ക്കെടുക്കാതെ അവരെ മൂലയ്ക്കൊതുക്കിയ വിശ്വാസസമൂഹത്തിന്റെ പ്രബുദ്ധത മുൻകൂട്ടി നിർണ്ണയിച്ച മാധ്യമ വിലയിരുത്തലുകൾ അഭിനന്ദനം അർഹിക്കുന്നു.

പത്രങ്ങളുടെ നിരീക്ഷണത്തിൽ അമിത ആത്മവിശ്വാസം കൈക്കൊണ്ട ഔദ്യോഗികപക്ഷം അലസമായി തെരഞ്ഞെടുപ്പിനെ കണ്ടതിന് അവർക്ക് വലിയ വിലകൊടുക്കേണ്ടി വന്നു. പ്രമുഖന്മാർ പലരും അടി തെറ്റി വീണു. അതിലേറെ പരിതാപകരം ആത്മാവ് പറഞ്ഞിട്ട് മത്സരിച്ച് നൂറ്റിത്തൊണ്ണൂറ് വോട്ട് പിടിച്ച് കെട്ടിവെച്ച കാശുപോയ ചില കർദ്ദമശിരസ്സുകളുടെ അവസ്ഥയാണ്. ഈ ആത്മാവ് ഇങ്ങനെ കെടുകാര്യസ്ഥത കാട്ടിയാൽ പാവങ്ങളെന്തു ചെയ്യും? മുമ്പൊരിക്കൽ ഒരു ചർച്ച് ഓഫ് ഗോഡ് മെത്രാനേയും ആത്മാവ് ഇങ്ങനെ കബളിപ്പിച്ചിരുന്നു. ഇലക്ഷൻ വർത്തമാനങ്ങളിൽ രസകരമായതൊന്ന് 'ഐ.പി.സിയെന്നു കേട്ടാൽ തിളയ്ക്കണം ചോരഞരമ്പുകളിൽ' എന്ന ആപ്തവാക്യം കൊണ്ട് തെരഞ്ഞെടുപ്പിനെ നേരിട്ട ഒരു മഹാകവിയുടേതാണ്. ഐ.പി.സി വിജയം ആട്ടക്കഥ, നഷ്ടപ്പെട്ട കനി തുടങ്ങി ചില മഹാകാവ്യങ്ങളും ഈ കവിയിൽ നിന്ന് നാളെകളിൽ നമുക്ക് പ്രതീക്ഷിക്കാം.

ഏതായാലും കാനം അച്ചനെ വിവാദച്ചുഴിയിലിട്ട് വട്ടം കറക്കാൻ നടത്തിയ ശ്രമങ്ങൾ പാതി വഴിയിൽ ഉപേക്ഷിച്ച് ഹല്ലേലുയ്യാ ഫിലിപ്പ്. പി.യുഗത്തിലേക്ക് കാലെടുത്തുവച്ചു സമയം തക്കത്തിലുപയോഗിക്കുകയാണ്. അങ്ങനെ മരുപ്പച്ച തുടങ്ങിവെച്ച അച്ചനെതിരെയുള്ള മഹോദ്രപയുഗം മാറിപ്പോയി. അന്ധകാരം ജാതികളെയും കൂരിരിട്ടു ഭൂമിയെയും മൂടും മുമ്പ് വേണ്ടതുചെയ്യാൻ ഇതിൽപരം മെയ്വഴക്കം ആവശ്യമുണ്ടോ? അതുകൊണ്ട് അച്ചന് അപവാദങ്ങളുടെ തുലാഭാരം ചാർത്തുന്നവർ സ്വന്തം വസ്തുതകൾ വിസ്മരിക്കരുത്.

അറിയുക: അച്ചൻ നമ്മെപ്പോലെ അജ്ഞനല്ല.

## സ്ഥലം മാറ്റം .............

12-ാം പേജ് തുടർച്ച

ങ്ങൾ പാട്ടുനിർത്തിയപ്പോൾ മണൽ വാരിയെറിയുകയായിരുന്നു. കണ്ണിലും മൂക്കിലും വായിലും മണൽതരി വീണതിനാൽ ഞങ്ങൾ യോഗം നിർത്തേണ്ടിവന്നു. കടന്തൽക്കൂട് ഇളകിയതുപോലെ ആയിരുന്നു. സുവിശേഷ ഘോഷണത്തിൽ പങ്കാളികളായിരുന്ന രാജമ്മ, റോസമ്മ, തങ്കമ്മമാർ, കുട്ടിയമ്മ ആത്മാക്കളായി പ്രാർത്ഥനയിലും പ്രവർത്തനത്തിലും പോരാടിയവരായിരുന്നു. ആലപ്പുഴ പട്ടണത്തിലും പരിസരപ്രദേശങ്ങളായ ആറാട്ടുവഴി, കാഞ്ഞിരം പി.ഒ, ചെറിയനാട്, തുമ്പോളി, പാതിരപ്പള്ളി, പൂങ്കാവ്, കൊമ്മാടി, മണ്ണംചേരി, മാരാരിക്കുളം, പുന്നപ്ര, കൊടൂർ, മുഹമ്മ, ചാത്തനാട്, കലവൂർ എന്നീ സ്ഥലങ്ങളിലും ക്രൂശിന്റെ വചനം ശക്തിയുക്തം വിളിച്ചറിയിച്ചിട്ടുണ്ട്. തൽഫലമായി ആത്മാക്കൾ സഭാ കൂട്ടായ്മയിൽ ചേർന്നുകൊണ്ടിരുന്നു. ചിലകുടുംബങ്ങളിൽ നിന്നും സുവിശേഷ വേലയ്ക്കായി സമർപ്പിക്കപ്പെട്ട യുവാക്കന്മാർ വചനം പഠിച്ച് ഇന്നും ശുശ്രൂഷയിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അവരിൽ പാസ്റ്റർ കെ. വൈ. തോമസ്, കുവൈറ്റിലും പാസ്റ്റർ വി. എസ്, വർഗീസ് കേരളത്തിന്റെ വടക്കൻ ഭാഗത്തുമായി ശുശ്രൂഷചെയ്യുന്നു. എന്റെ സുവിശേഷ പ്രവർത്തനത്തിൽ ഞാൻ ഏറ്റവുമധികം പരസ്യയോഗങ്ങൾ നടത്തിയിട്ടുള്ളത് ആലപ്പുഴ പട്ടണത്തിലും അതിനു സമീപത്തുള്ള പ്രദേശങ്ങളിലുമായിരുന്നു. ആലപ്പുഴ സഭയുടെ ശുശ്രൂഷകനായി ഞാൻ മൂന്നു വർഷങ്ങൾ സേവനം അനുഷ്ഠിച്ചു. ആ കാലയളവിൽ ആറു പ്രാവിശ്യം സ്നാന ശുശ്രൂഷ നടത്തുവാൻ ദൈവം കൃപചെയ്തു. സഭയുടെയും ശുശ്രൂഷകന്റെയും പ്രാർത്ഥനയാലും ഐക്യമായ പ്രവർത്തനത്താലുമാണ് ദൈവം തന്റെ മഹത്വത്തിനായി പ്രവർത്തിച്ചത്. അവിടെയുള്ള ശുശ്രൂഷാകാലയളവു കഴിഞ്ഞപ്പോൾ സഭ ഞങ്ങളെ കർത്താവിൽ യോഗ്യമായിയാത്ര അയച്ചു. ഇന്ന് ആലപ്പുഴപട്ടത്തിൽ ഐ. പി. സിയ്ക്ക് നല്ല ഒരു സഭയും ഹാളും പാഴ്സനേജും ഉണ്ടെന്നു അഭിമാനകരമായി പ്രസ്താവിച്ചുകൊള്ളുന്നു. ആകയാൽ എന്റെ പ്രീയ സഹോദരന്മാരേ നമുക്ക് കർത്താവിന്റെ വേലയിൽ വർദ്ധിച്ചുവരാം, കൃപ നിങ്ങൾ എല്ലാവരോടു കൂടെയും ഇരിക്കുമാറാകട്ടെ.

(തുടരും)

## വിവാഹത്തിന് മുൻപ് ........

9 -ാം പേജ് തുടർച്ച

പ്രത്യേക സ്ഥലങ്ങൾ, ചില സുഹൃത്തുക്കൾ, എല്ലാം തെറ്റിലേക്കുള്ള സാഹചര്യങ്ങൾ ഒരുക്കുന്നവരാണ്. എന്നാൽ മുൻകൂട്ടി കാര്യങ്ങൾ മനസ്സിലാക്കുവാൻ ശ്രമിച്ചാൽ രക്ഷനേടാം. തെറ്റിലേക്ക് നയിക്കുവാൻ സാദ്ധ്യത തോന്നുന്ന സാഹചര്യങ്ങളോട് വിടപറയുക. ചിന്തകളോട് വിട പറയുക... നിങ്ങൾ പുറമേ 'No' പറയുന്നവയോട് അകത്തെ മനുഷ്യൻ എപ്രകാരം പ്രതികരിക്കുമെന്നത് വിശകലനം ചെയ്യുക.

**മാദ്ധ്യമങ്ങൾ**

ഇന്നത്തെ സമൂഹത്തെ നിയന്ത്രിക്കുന്ന പ്രധാനഘടകം മാദ്ധ്യമങ്ങളാണ്. മാദ്ധ്യമങ്ങളുടെ അതിപ്രസരവും അതിരുവിട്ട കടന്നുകയറ്റവും ലൈംഗീകതയെ ഒരു വില്പനചരക്കാക്കി മാറ്റിയിരിക്കുന്നു. പത്രമാദ്ധ്യമങ്ങൾ, സിനിമകൾ, പരസ്യങ്ങൾ തുടങ്ങിയവയുടെ എല്ലാം നിലനിൽപ്പിനും പ്രചാരണത്തിനും ലൈംഗീകതയുടെ സ്ഥാനം വലിയതാണ്. അത്യാവശ്യത്തിന് അല്പം 'മസാല' കയറ്റിയാൽ സിനിമയും, മാസികയും എല്ലാം വിജയിക്കും. ഇത് കാണുന്ന ഒരു വ്യക്തിയിൽ രൂപപ്പെടുന്ന വികാരങ്ങൾക്കും പരിണിതഫലങ്ങൾക്കും ഉത്തരവാദി ഈ മാദ്ധ്യമങ്ങൾ തന്നെയാണെന്ന് പറയാമെങ്കിലും അനുഭവിക്കുന്നത് വ്യക്തികളാണ്.

നല്ലത് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം പരമാവധി ഉപയോഗിച്ചുവേണം എല്ലാ മാദ്ധ്യമങ്ങളും തിരഞ്ഞെടുക്കേണ്ടത്. അന്തിപത്രങ്ങളിലെ വാർത്തകൾ ഉച്ചത്തിൽ വിളിച്ച് പറഞ്ഞ് കച്ചവടം വർദ്ധിപ്പിക്കുന്നവർ ഉണ്ട്. അവർ തിരഞ്ഞെടുക്കുന്ന വാർത്തകൾ 'അശ്ലീല നിറം' കലർന്നതായിരിക്കും. സ്കൂൾ കുട്ടികൾ മുതൽ അനേകർ ഇന്ന നീല ചിത്രങ്ങൾക്കും സൈറ്റുകൾക്കും അടിമകളാണ്. ഇപ്രകാരം ഒരു താല്പര്യം ജനിച്ചു കഴിഞ്ഞാൽ അറിയാതെ ഇതിന് അടിമകളാകുകയാണ് സാധാരണം. മൊബൈൽ പോലും ഇപ്രകാരമുള്ള പ്രചരണത്തിന് ആയുധമാകുന്നുണ്ട്. ദൈവീകബന്ധത്തിൽനിന്ന് പാപത്തിലേക്ക് നയിക്കപ്പെടുവാൻ ഇപ്രകാരമുള്ള മാദ്ധ്യമങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഇവയെ മനസ്സിലാക്കി സ്വയം നിയന്ത്രിക്കുകയാണ് രക്ഷപ്പെടുവാനുള്ള വഴി.

**പ്രാർത്ഥനയ്ക്കും കൗൺസലിംഗിനുമായി വിളിക്കുക:**
**9495834994**

## ബൈബിൾ പുസ്തകമേള

**തിരുവല്ല:** റീമാ പബ്ലീഷേഴ്സിന്റെ 11 -മത് പുസ്തകമേള സെപ്റ്റംബർ 1 മുതൽ 30 വരെ തിരുവല്ല പുഷ്പഗിരി റോഡിലുള്ള റീമാ ബുക്ക് ഹൗസിൽ നടക്കും. ഒരു മാസം നീണ്ടു നിൽക്കുന്ന പുസ്തകമേളയിൽ പുസ്തകങ്ങൾക്ക് 70 % വരെ ഡിസ്കൗണ്ട് ലഭിക്കും.

റീമാ പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 150 -ലധികം ഗ്രന്ഥങ്ങൾക്കും പ്രത്യേക ഡിസ്കൗണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ബൈബിളുകൾ, പാട്ടുപുസ്കങ്ങൾ, ആത്മീയ ഗ്രന്ഥങ്ങൾ, റഫറൻസ്, പഠനഗ്രന്ഥങ്ങൾ, ബാലസാഹിത്യം, സണ്ടേസ്കൂൾ പുസ്തകങ്ങൾ, ഓഡിയോ, കാസറ്റുകൾ, സി.ഡി, വി.സി.ഡി, എം. പി. ത്രി, ബൈബിൾ സി.ഡി., വാക്യ ബോർഡുകൾ തുടങ്ങി എല്ലാ ഉല്പന്നങ്ങളും ലഭ്യമാണ്. ലൈബ്രറികൾക്കും, ബൈബിൾ കോളേജുകൾക്കും, വേദവിദ്യാർത്ഥികൾക്കും പ്രത്യേക സ്കീം പ്രകാരം വിലക്കുറവിൽ പുസ്തകങ്ങൾ ലഭിക്കും.

**BELIEVERS JOURNAL**
MANJADIYIL BUILDING, MANJADI .P.O.,
THIRUVALLA, KERALA, PIN 689 105,
MOB: 9447368795
Email- beljourn@gmail.com,
Website:- www.beljourn.com

BELIEVERS JOURNAL

Vol. 2
Issue : 17
12 Sep. 2009

RNI. No.KERMAL/2008/26530 | Postal Reg.No. KL/TLA 225/2009-11 | Posted on 12 th September 2009 at RMS Thiruvalla


ഓർമ്മക്കുറിപ്പ് : 13

# സ്ഥലം മാറ്റം ആലപ്പുഴ സഭയിലേക്ക്



**1965,** ഫെബ്രുവരി 28 ന് സിംഗപ്പൂർ സഭയുടെ ചാർജ്ജു വിടുകയും പരേതനായ പാസ്റ്റർ കെ. ഇ. ഏബ്രഹാം അവറുകളുടെ നിർദ്ദേശപ്രകാരം 1965, മെയ് മാസത്തിൽ ആലപ്പുഴ സഭയുടെ ശുശ്രൂഷകനായി നിയമിക്കപ്പെടുകയും ചെയ്തു. അന്ന് സഭയക്ക് സ്വന്തമായി ആരാധനാ സ്ഥലമോ പാഴ്സനേജോ ഉണ്ടായിരുന്നില്ല. വാടക വീടിന്റെ മുറ്റത്ത് ഒരു ഷെഡിൽ ആയിരുന്നു ആരാധന നടത്തിവന്നത്. ആ വിഷയത്തിൽ ഞങ്ങൾക്കും സഭയ്ക്കും അല്പ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. എങ്കിലും വചനാനുസരണം ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന വിശ്വാസികളെ കണ്ടപ്പോൾ ഇഹത്തിലെ കഷ്ടങ്ങൾ ഒരു ഭാരമായിരുന്നില്ല. എല്ലാവരും ഒരുപോലെ വേലയിൽ പങ്കാളികളും ഉത്സാഹികളുമായിരുന്നു. ആലപ്പുഴ സഭ ഒരു മിഷനറി സഭതന്നെയായിരുന്നു. "ഘോഷസ്വരത്തോടെ നന്നായി വാദ്യം വായിക്കുന്ന" സങ്കീ 33:3 ഒരു ഗായകസംഘം തന്നെയുണ്ടായിരുന്നു. ആരാധനയ്ക്ക് അനുയോജ്യമായ ഭക്തിഗാനങ്ങൾ ആലപിപ്പാൻ കൃപ ലഭിച്ചവർ അവരുടെ ശുശ്രൂഷ ആരംഭിക്കുന്ന സമയം മുതൽ പരിശുദ്ധത്മാവിന്റെ വ്യാപാര ശക്തി യോഗങ്ങളിൽ അനുഭവപ്പെട്ടിരുന്നു. പരിജ്ഞാനപൂർവ്വമുള്ള നല്ല സാക്ഷ്യങ്ങൾ. സഭയുടെ ഐക്യതയ്ക്കും നിലനിൽപ്പിനും ആത്മീക വർദ്ധവിനും ഉതകുന്ന വിലപ്പെട്ട പ്രബോധനങ്ങൾ. അന്യഭാഷാ ഭാഷണം, വ്യാഖ്യാനം. എന്നിവ ആരാധനയിൽ ആസ്വാദ്യ പ്രദമായിരുന്നു. സഭ ശുശ്രൂഷകന് സഭയെ പരിപാലിച്ചുകൊണ്ടുപോകുന്നതിന് ഒരു ബുദ്ധിമുട്ടും ഇല്ലായിരുന്നു. ആരാധനയ്ക്കു പുതുതായി കടന്നുവരുന്നവർ ഭയഭക്തിയോടു ആരാധിക്കുകയും താമസിക്കാതെ സ്നാനപ്പെട്ടു കൂട്ടായ്മയിൽ ചേരുകയും ചെയ്യത്തക്കവിധത്തിൽ ദൈവം പ്രവർത്തിച്ചുകൊണ്ടിരുന്നു. ആരാധനകഴിഞ്ഞാൽ 4 മണിക്ക് പരസ്യയോഗം ഉണ്ടായിരുന്നു. അതിന് ശക്തിയായ നേതൃത്വം തൽകിയിരുന്നത് പാസ്റ്റർ എം. വി. ജോർജ്ജും (ജോർജ്ജുപിള്ള) പാസ്റ്റർ എം. വി. തോമസ്, ബ്രദർ കുട്ടായിച്ചൻ എന്നിവരായിരുന്നു. കടൽപ്പുറത്ത് ഒരു പരസ്യയോഗം നടത്തിയപ്പോൾ കേൾവിക്കാരായി കൂടിവന്നത് 12 വയസ്സിനു താഴെപ്രായമുള്ള കുട്ടികളായിരുന്നു. അവർകുറഞ്ഞ പക്ഷം 30 പേരുണ്ടായിരുന്നു. ഞ

ശേഷം പേജ്: 11

തയ്യാറാക്കിത്: എം. വി. വർഗ്ഗീസ്

## "എന്റെ മകൾ മുങ്ങും പാസ്റ്ററെ"

ഒരു വിവാഹ ആലോചനയ്ക്കായി ശുശ്രുഷകർസഹിതം ഇരു ഭാഗത്തുനിന്നുമുള്ളവർ പെൺകുട്ടിയുടെ ഭവനത്തിൽ കൂടി. വിവാഹ ആലോചനയുടെ പ്രാരംഭത്തിൽ തന്നെ ആത്മീകനായ തോമ്മാച്ചന്റെ മകനെപ്പറ്റി സഭാ പാസ്റ്റർ നല്ലൊരു സാക്ഷ്യം നൽകി. അതിനു പെൺകുട്ടിയുടെ പിതാവായ പാപ്പച്ചനോടായി:- മകൾ രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു കൂട്ടായ്മയിൽ നിൽക്കുന്നവളാണോ അങ്ങനെയുള്ള ഒരു മകളെയാണ് തോമ്മാച്ചന്റെ മകനു വേണ്ടത്. മറുപടി. പാസ്റ്ററെ എന്റെ മകളെ ഒന്നിനും മാറ്റിനിർത്തേണ്ടിവരില്ല. ഈ സ്ഥലത്ത് ആദ്യമായി സൈക്കിൾ ചവിട്ടാൻ അവളാണ് പഠിച്ചത്. അവളാണ് ഓട്ടത്തിനും ചാട്ടത്തിനും സ്കൂളിൽ ഒന്നാം സ്ഥാനം നേടി സമ്മാനം വാങ്ങിയത്. അവളെ പഠിപ്പിച്ച സറാന്മാർക്ക് അവൾ കണ്ണിലുണ്ണിയായിരുന്നു. തുടർന്ന് പാസ്റ്റർ: പാപ്പച്ചൻ ബ്രദറെ അതൊക്കെ ഈ ലോക കാര്യങ്ങളാണല്ലോ. ഞങ്ങൾക്കറിയേണ്ടത് അവൾ രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു ആരാധിക്കുന്ന മകളാണോ? അതു ചോദിച്ചാൽ പാസ്റ്ററെ വേണ്ടി വന്നാൽ എന്റെ മകൾ അതിനും മാറുന്നവളല്ല. അവൾ വിവാഹം കഴിഞ്ഞ് അവിടെവരുപ്പോൾ താമസിക്കാതെ മുങ്ങിക്കോളും. പാസ്റ്ററെ ദൈവീക കാര്യങ്ങൾ പറഞ്ഞ് തടസ്സമുണ്ടാക്കാതെ നമുക്ക് അടുത്തവിഷയത്തിലേക്കു കടക്കാം. ഇതു കേട്ടമാത്രയിൽ തന്നെ തോമ്മാച്ചനും കൂട്ടരും ആലോചന നിർത്തി സ്ഥലത്തുനിന്നും കടക്കാൻ തീരുമാനിച്ചു.

**ചിന്തക്കുള്ള വചനങ്ങൾ**

**(1) അബ്രഹാം. മകനായ യിസ്ഹാക്കിനു വേണ്ടി ദാസനോട് പറഞ്ഞത് ഉല്പ. 24:6 (2) പ്രാകൃത മനുഷ്യർ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല". 1 കൊരി**






Printed, Published & Owned by Peter Mathew, Published From P.B.No.8, R.S. P.O Thiruvalla, Pin 689 111 Pathanamthitta (Dist) & Printed at Goodnews Printing Press Kottayam1 (Kerala) Editor - Samkutty Mathew